അറിവിൽ നിറയാൻ... നിറവിൽ വളരാൻ...

# സ്നേഹദൂത്

Since 1997

St. Sebastian's Church, Nellikkunnu
Thrissur - 680 005, Ph : 2422324
E-mail Church : nellikkunnusebastian@gmail.com
facebook : snehadoothuNellikkunnu
www.nellikunnuchurch.com





## പത്രാധിപ സമിതി

**എഡിറ്റർ**
റവ. ഫാ. ജെയിംസ് പോൾ വടക്കൂട്ട്
Mob : 9847695401

**അസോസിയേറ്റ് എഡിറ്റർ**
ഫാ. ജിതിൻ നെല്ലങ്കര Mob:9544951206

**മാനേജിങ് എഡിറ്റർ**
ഡോ. ബിനോയ് സി. എഫ്. Mob:8921645795

**സെക്രട്ടറി**
ലിയോ കെ. ആന്റണി Mob:7012803077

**ട്രഷറർ**
ജേക്കബ് ജോർജ്ജ് കാഞ്ഞൂക്കാരൻ
Mob:9388915965

**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**
ഫ്രാങ്കോ കെ. ഡി. Mob:9495246401
ജോസഫ് ഒ. ഡി. Mob:9847607508
സജു ജോസ് Mob:7306005733
സി. നീത ടെസിൻ Mob:6238711551
നിമ്മി ആന്റലോ Mob:9544022444
ജോളി മൈക്കിൾ Mob:8281150281
സനിൽ ലാസർ Mob:9383449428
മിനി ജോർജ്ജ് Mob:8086701198





ഒക്ടോബർ - 2023
പുസ്തകം - 25, ലക്കം - 10


## ഉള്ളടക്കം


☆ എഡിറ്റോറിയൽ
☆ ഇടയസന്ദേശം
☆ കൊച്ചച്ചന്റെ സന്ദേശം
☆ വി. മാർഗരറ്റ് മേരി അലക്കോക്ക്
☆ പൊരുളറിയാൻ
☆ ക്രിസ്തുവിനു പിന്നാലെ
☆ ദിവ്യകാരുണ്യ അത്ഭുതങ്ങൾ
☆ ചിന്താവിഷയം
☆ കഥ
☆ ഒക്ടോബർ ജപമാലയാചരണം
☆ ലേഖനം
☆ ചെറുകഥ
☆ ഫീച്ചർ
☆ ചുറ്റുവട്ടം
☆ കളറിങ്ങ്
☆ സംഘടനകൾ പ്രവർത്തനങ്ങൾ
☆ ചിന്താസരണി
☆ ക്വിസ് മത്സരങ്ങൾ
☆ കുടുംബകൂട്ടായ്മ – വചനവായന
☆ ഓർമ്മദിനങ്ങൾ
☆ പ്രതിനിധിയോഗ തീരുമാനങ്ങൾ
☆ വചനകലണ്ടർ



ട്രസ്റ്റികൾ : പല്ലൻ പൈലോത് രാജൻ Mob : 9745459244, കോട്ടപ്പറമ്പിൽ ജോൺ ബിജു Mob : 9846870982, വാഴപ്പിള്ളി പീറ്റർ ഫെല്ലർ Mob : 9048990915, അക്കര ജോണി ജോൺസൻ Mob : 9961350951
ദേവാലയ ശുശ്രൂഷി : സജു ജോസ് Mob : 7306005733 ഓഫീസ് മാനേജർ : ജേക്കബ്ബ് കാഞ്ഞൂക്കാരൻ Mob : 9388915965



Printed & Published by Fr. James Paul Vadakkoott, St. Sebastian's Church, Nellikkunnu,
Ph : 2422324, Mob : 9188779324. Snehadoothu Parish Bulletin (For Private Circulation Only).
Lay-out and Designing Concept (Prasoon) : 9747464398. Printed at Lourdenatha Press, Thrissur. Ph : 0487-2322199.


## വി. കുർബാന സമയങ്ങൾ

സാധാരണ ദിവസങ്ങളിൽ : 6 am, 7 am
വ്യാഴാഴ്ചകളിൽ : 5 pm
ഞായറാഴ്ചകളിൽ : 6 am, 7.30 am, 9 am, 5 pm

## പള്ളി ഓഫീസ് സമയം :

8.30 am to 12.30 pm   3.30 pm to 6.45 pm
(ഞായർ മുടക്കം)




## ന്യൂനപക്ഷക്ഷേമം നീതിപൂർവകമാകണം

ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായുള്ള ദേശീയ സ്കോളർഷിപ്പുകൾ അനർഹർ കൈപറ്റി എന്ന് ആരോപണം. ഇതിനെ തുടർന്ന് കേന്ദ്ര ഏജൻസികൾ അന്വേഷണം ആരംഭിച്ചു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികൾ വഴിയായി കോടികൾ ചെലവഴിക്കുമ്പോഴും അർഹരായ എത്ര പേരിലേക്ക് ഈ സഹായങ്ങൾ എത്തിച്ചേരുന്നുണ്ട് എന്നത് ഒരു വലിയ ചോദ്യമാണ്. രാജ്യത്തെ ന്യൂനപക്ഷങ്ങളുടെ പിന്നാക്കാവസ്ഥ പരിഹരിക്കുതിനായി സ്വയംതൊഴിൽ പദ്ധതിക്കും മറ്റു വരുമാനമാർഗ്ഗങ്ങൾ കണ്ടെത്താൻ സഹായിക്കുന്നതിനുമാണ് ഇത്തരം പദ്ധതികൾ ദേശീയ ന്യൂനപക്ഷ കമ്മീഷൻ ആരംഭിച്ചത്.

2006ലെ സച്ചാർ കമ്മിറ്റി റിപ്പോർട്ടും 2007ലെ പാലൊളി കമ്മീഷൻ റിപ്പോർട്ടും മുസ്‌ലിം മത വിഭാഗത്തിന്റെ പിന്നാക്കാവസ്ഥ പഠിക്കുകയും സർക്കാരിന് റിപ്പോർട്ട് നൽകുകയും ചെയ്തു. ഇത് ന്യൂനപക്ഷഫണ്ട് വിതരണത്തിൽ മുസ്ലിം വിഭാഗത്തിന് ഗുണകരമായി. എന്നാൽ മുസ്ലിം ഇതര ന്യൂനപക്ഷങ്ങളുടെ പിന്നാക്കാവസ്ഥ പഠിക്കാൻ ഇതുവരെ കാര്യമായ ഇടപെടലുകൾ ഉണ്ടായിട്ടില്ല. ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ ക്രൈസ്തവ പിന്നോക്കാവസ്ഥയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ട് മാസങ്ങൾ പിന്നിട്ടെങ്കിലും കേരളസർക്കാർ ഒരു തരത്തിലുള്ള നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല എന്നത് ദുഃഖകരമാണ്.

സംസ്ഥാനത്ത് വിവിധ വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, ഭവന നിർമ്മാണ പദ്ധതികൾ, ചികിത്സാ പദ്ധതികൾ, അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ എന്നിങ്ങനെ വിവിധ ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ നിലവിലുണ്ട്. ഇത് എല്ലാ ന്യൂനപക്ഷങ്ങൾക്കും ജനസംഖ്യാനുപാതമായി ലഭ്യമാക്കണം എന്നതായിരുന്നു പൊതുവായി ഉയർന്നു വന്ന ആവശ്യം. കാരണം പല പദ്ധതികളുടെയും ഗുണഭോക്താക്കൾ ഒരു പ്രത്യേക സമൂദായത്തിൽ നിന്നുള്ളവർ മാത്രമാണെന്നത് ഏറെ ഗൗരവത

(തുടർച്ച പേജ് 5ൽ)






ക്രിസ്തുവിൽ പ്രിയപ്പെട്ടവരെ,

രണ്ട് പ്രധാന ആഘോഷങ്ങളാണ് ഒക്ടോബർ മാസത്തിൽ നടത്താറുള്ളത്; (1) ജപമാല ആഘോഷം (2) മിഷൻ സൺഡെ ആഘോഷം. ക്രിസ്തുവിനെ മറ്റുള്ളവർക്ക് പ്രദാനം ചെയ്യുവാനുള്ള നമ്മുടെ ഉത്തരവാദിത്വം മിഷൻ സൺഡെ ഓർമ്മപ്പെടുത്തുന്നു. ആദ്യത്തെ മിഷനറി പരി. മറിയമാണ്. ദൈവം മനുഷ്യവംശത്തിനു ക്രിസ്തുവിനെ പ്രദാനം ചെയ്തത് പരി. മറിയത്തിലൂടെയാണ്. അതുവഴി നമുക്ക് രക്ഷ കൈവന്നു. പരി. മാതാവിലൂടെ ദൈവം ചെയ്ത പ്രവർത്തി, നമ്മുടെ മിഷൻ പ്രവർത്തനത്തിലൂടെ നാമും പൂർത്തിയാക്കണം; മറ്റൊരു അർത്ഥത്തിൽ നമ്മൾ മറ്റൊരു പരി. മറിയമാകണം.

ഈശോയുടെ ജനനത്തിൽ ആരംഭിച്ച് പീഡാസഹനം, ഉത്ഥാനം തുടങ്ങിയ ക്രിസ്തുരഹസ്യങ്ങൾ ധ്യാനിച്ച് പരി. കുർബാന അനുസ്മരണം തുടങ്ങി 20 രഹസ്യങ്ങൾ നാം ജപമാലയിൽ അനുസ്മരിയ്ക്കുന്നു. പരി. മറിയത്തിന്റെ ഹൃദയത്തോട് നമ്മുടെ ഹൃദയത്തെ ചേർത്തു വെച്ച് ഈ ജപമാല രഹസ്യങ്ങളിലൂടെ കൊന്ത ചൊല്ലി കടന്നുപോകുമ്പോൾ പരി. മാതാവ് അനുഭവിച്ച അതേ അനുഭവങ്ങളിലേക്ക് നാം വളരുന്നു. അപ്പോൾ പരി. മാതാവ് ഈശോയെ ലോകത്തിന് നൽകിയതുപോലെ നമ്മുടെ ഈശോയെ മറ്റുള്ളവർക്ക് രക്ഷാകരമാംവിധം നൽകുവാൻ പരി. അമ്മ നമ്മെ സഹായിക്കും. തന്റെ ഹൃദയത്തിൽ വഹിച്ച ഈശോയെ നമ്മുടെ ഹൃദയത്തിൽ പരി. അമ്മ കാണുമ്പോൾ നമ്മുടെ ഹൃദയത്തിൽ നിന്ന് ഈശോ നഷ്ടമാകാതിരിക്കുവാനുള്ള കൃപ പരി. മറിയം നമുക്ക് നൽകും. ആദ്യത്തെ മിഷനറി ആയ പരി. മാതാവിനെപോലെ നാമും മിഷനറി ആകുവാനും അതുവഴി

(തുടർച്ച പേജ് 6ൽ)



# കൊച്ചച്ചന്റെ സന്ദേശം

ഹായ് ഫ്രണ്ട്സ്,

പരിശുദ്ധ അമ്മയോളം യേശുവിനെ അനുഗമിച്ച ഒരു വ്യക്തി ഈ ലോകത്തിൽ ഉണ്ടാകില്ല. അവസാനനിമിഷം വരെ, ഉയിരിന്റെ ഉയിരായ മകനെ മടിയിൽ കിടത്തിയ നിമിഷം വരെ, ശാന്തതയോടെ ജീവിതത്തെ നേരിട്ടവൾ. അമ്മ എന്നും നമുക്ക് മാതൃകയാണ്.

ജീവിതത്തിന്റെ വിങ്ങലുകളെ പുറത്തുകാണിക്കാതെ, സ്വന്തമായിട്ടുള്ളതിനെ ചേർത്തുനിറുത്തി സ്നേഹിക്കുന്ന ഒരമ്മ നമ്മുടെ കുടുംബങ്ങളിലുമുണ്ട്. ഈ ഒക്ടോബർ മാസം പരി. അമ്മ യെ ഓർക്കുന്ന പോലെ, നമുക്ക് നമ്മുടെ കുടുംബത്തിലെ അമ്മയെ ഓർക്കാം. എല്ലാ സന്തോഷങ്ങളും, സുഖസൗകര്യങ്ങളും ആസ്വദിക്കാനായുള്ളപ്പോഴും അതെല്ലാം വേണ്ടെന്നു വച്ച് മക്കൾക്കുവേണ്ടി പ്രയത്നികകുന്ന അമ്മമാർ. എല്ലാം അവസാനിക്കും എന്ന് തോന്നുന്നിടത്ത്, കുടുംബം തകരും എന്നുറപ്പുള്ളിടത്ത് ഒരു അമ്മയുടെ സാന്നിദ്ധ്യം അതിന് ജീവൻ പകരും.

ഒരു വീടിനെ, കുടുംബത്തെ കരുപിടിപ്പിക്കാനുള്ള തത്രപ്പാടിൽ സ്വന്തം ഭർത്താവിനെയും മക്കളെയും സ്വന്തബന്ധങ്ങളെയും സ്നേഹിക്കാൻ മറന്ന് പോകുന്ന അമ്മ. സ്നേഹിക്കപ്പെടലുകൾ തേടിപോകാതെ, എല്ലാം മറന്ന് സ്വയം ശൂന്യമാക്കി ഭർത്താവിനെയും മക്കളെയും സ്നേഹിക്കുന്ന അമ്മ. ഭർത്താവിന്റെ കുറ്റപ്പെടുത്തലുകളെ സ്നേഹകുറവും, മക്കളുടെ മറുതലിച്ചുള്ള സംഭാഷണവും അനുസരണക്കേടും അമ്മമാരുടെ ഹൃദയങ്ങളെ നൊമ്പരപ്പെടുത്തും. എന്നാലും അതീവ സന്തോഷത്തോടെ അടുക്കളയിൽ നിന്ന് ആരംഭിക്കും. പ്രിയമുള്ള ഭർത്താക്കന്മാരെ, മക്കളെ നമുക്ക് പരി. അമ്മയിലേക്ക് പോയി നമ്മുടെ ഭാര്യമാരെ, അമ്മമാരെ ക്രിസ്തുവിന് സമർപ്പിക്കാം. ഒരിക്കലും അകലാതെ, എന്നും കൂടെ ഉണ്ടാകും എന്നുറപ്പും, സ്നേഹ ചുംബനവും നൽകി ചേർത്തുപിടിക്കാം. പരി. അമ്മ നമ്മുടെ കുടുംബങ്ങളെ ഭരിക്കട്ടെ.

with love
**കൊച്ചച്ചൻ**





(പേജ് 2ൽ നിന്ന് തുടർച്ച)

രമാണ്. അർഹരായ പലരും തഴയപ്പെടുകയും അനർഹർ ഗുണഭോക്താക്കളായി മാറുകയും ചെയ്യുന്നു.

ന്യൂനപക്ഷ ആനുകൂല്യവിതരണവുമായി ബന്ധപ്പെട്ട് മുമ്പ് നിലവിലുണ്ടായിരുന്ന 80:20 അനുപാതം (80% മുസ്‌ലിം, 20% മറ്റു സമുദായങ്ങൾ) നീതിരഹിതമാണെന്ന് ഹൈക്കോടതി വിലയിരുത്തുകയും ജനസംഖ്യാനുപാതമായി ആനുകൂല്യങ്ങൾ വിതരണം ചെയ്യണമെന്ന് ഉത്തരവിടുകയും ചെയ്തിരുന്നു. എന്നാൽ സംസ്ഥാന സർക്കാർ ആ വിധിക്കെതിരായി സുപ്രീം കോടതിയിൽ അപ്പീൽ പോയത് ആരെ പ്രീണിപ്പിക്കാനാണെന്ന് വ്യക്തമാണ്.

ന്യൂനപക്ഷ സ്കോളർഷിപ്പുകൾ നിരവധി വ്യാജസ്ഥാപനങ്ങളുടെ പേരിൽ വകമാറ്റി 144 കോടിയിലേറെ രൂപയുടെ അഴിമതി 2022 മാർച്ച് വരെയുള്ള നാല് സാമ്പത്തിക വർഷത്തിൽ നടത്തിയിട്ടുണ്ട് എന്നത് സ്ഥിരീകരിച്ചിട്ടുണ്ട്. ഇത് രാജ്യവ്യാപകമായ അഴിമതിയാണെന്നാണ് സിബിഐയുടെ പ്രാഥമിക കണ്ടെത്തൽ. അർഹതപ്പെട്ട വലിയൊരു ജനവിഭാഗത്തെ ഒഴിവാക്കി കള്ളരേഖകൾ സൃഷ്ടിച്ച് ആനുകൂല്യങ്ങൾ മൊത്തമായി നേടിയെടുക്കാനുള്ള കുത്സിത ശ്രമമാണിത്. കേന്ദ്രം അംഗീകരിച്ച 6 ന്യൂനപക്ഷ സമുദായങ്ങളായ മുസ്‌ലിം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈനർ എന്നിവരിൽ ആരാണ് ഈ അഴിമതി നടത്തിയതെന്ന് അന്വേഷിച്ച് തെളിയിക്കണം. അല്ലാതെ എല്ലാ ന്യൂനപക്ഷങ്ങളെയും അടച്ചാക്ഷേപിക്കുന്നത് ശരിയല്ല. അതുപോലെ തന്നെ ഇതിന്റെ പേരിൽ ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾ നിർത്തലാക്കുന്നതും തികച്ചും തെറ്റാണ്. ദേശീയ അന്വേഷണ ഏജൻസികളുടെ മേൽനോട്ടത്തിൽ സമഗ്രമായ അന്വേഷണം ഉണ്ടാവുകയും അഴിമതിക്കാരെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കുകയും വേണം. ന്യൂനപക്ഷ ക്ഷേമ ആനുകൂല്യങ്ങൾ ഏത് മതവിഭാഗത്തിൽപ്പെട്ടവരായാലും അർഹതപ്പെട്ടവരുടെ കൈയിൽ എത്തുന്നു എന്നത് ഉറപ്പാക്കാൻ സാധിക്കണം. എന്നാൽ മാത്രമെ ഭരണഘടന വിഭാവനം ചെയ്ത ന്യൂനപക്ഷ ക്ഷേമപ്രവർത്തനങ്ങൾ നീതിപൂർവ്വമാവുകയുള്ളൂ.

**മാനേജിംഗ് എഡിറ്റർ**

(ഇടയശബ്ദം പേജ് 3ൽ നിന്ന് തുടർച്ച)

ദൈവത്തിന്റെ കല്പനയും ആഗ്രഹവും നമ്മിൽ നിറവേറ്റപ്പെടുവാനും നമുക്ക് സാധിക്കട്ടെ. അതിനായി ജപമാലകൾ അർപ്പിച്ച് ക്രിസ്തു രഹസ്യങ്ങളിൽ വളർന്ന് നല്ലൊരു പ്രേഷിതനാകുവാൻ ദൈവം അനുഗ്രഹിയ്ക്കട്ടെ. നമ്മുടെ സമ്പത്തും, സമയവും പ്രാർത്ഥനയും വഴി നമ്മുടെ മിഷൻ ചുമതലകൾ നിറവേറ്റാം. എനിയ്ക്കുള്ളതെല്ലാം ദൈവത്തിന്റേതാണെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് യേശുവിനുവേണ്ടി പ്രയത്നിക്കുവാനും, മിഷനറിമാർക്കുവേണ്ടി പ്രാർത്ഥിയ്ക്കുവാനും, നമ്മുടെ സമ്പത്തിന്റെ നല്ലൊരു വിഹിതം മിഷൻ പ്രവർത്തനത്തിനുവേണ്ടി നൽകുവാനും നമുക്ക് സാധിക്കട്ടെ. അതുവഴി പരി. മറിയത്തിന്റെ മാധ്യസ്ഥസഹായവും ദൈവാനുഗ്രഹവും നമ്മുടെ ജീവിതത്തിൽ ഉടനീളം ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിയ്ക്കുന്നു. ജപമാല ആശംസകൾ നേർന്നുകൊണ്ട്,

സ്നേഹപൂർവ്വം
നിങ്ങളുടെ വികാരിയച്ചൻ
**ഫാ. ജെയിംസ് വടക്കൂട്ട്**

**Peter Trust**
**Play School** 9 a.m. - 3 p.m.
**Day Care** 9 a.m. - 5 p.m.
*Faith Care Safe*

**കളി പള്ളിക്കൂടം, ശിശുഭവൻ**

**Kura, Nellikkunnu, P. O. Eastfort,**
**Thrissur - 680 005**
**Admission Started**
**Contact**
**8086652495, 9496675527**

**Peter Academy**
കീബോർഡ്, ഗിറ്റാർ, വയലിൻ, ഡ്രംസ്, വോക്കൽ, ഡാൻസ്
**Contact : 0487 2424626, 9645850608**







# വി. മാർഗരറ്റ് മേരി അലക്കോക്ക്



ബ്രദർ. സനിൽ മേനാച്ചേരി

“എനിക്കു നിങ്ങളോടുള്ള സ്നേഹം അനന്തമാണ്. നിന്നോടുള്ള വിശ്വസ്തത അചഞ്ചലവും” (ജറെമിയ 31:3)

ഈശോയുടെ തിരുഹൃദയത്തിന്റെ പ്രേഷിതയായ മാർഗരറ്റ് ‘ലാന്റെക്കൂർ’ എന്ന ഗ്രാമത്തിൽ 1647 ജൂലൈ 22-ാം തിയ്യതി ജനിച്ചു. ഉത്തമ കത്തോലിക്കനായിരുന്ന അവളുടെ പിതാവ് ക്ലൗഡ് അലക്കോക്ക് അവൾക്ക് എട്ടുവയസ്സുള്ളപ്പോൾ നിര്യാതനായി. 17 വയസ്സുള്ളപ്പോൾ മാർഗരറ്റ് ഡാൻസിനും മറ്റും പോയിരുന്നുവെങ്കിലും, മുൾക്കിരീടം അണിഞ്ഞിരിക്കുന്ന കർത്താവിന്റെ ചിത്രം അവളുടെ കൺമുമ്പിലുണ്ടായിരുന്നു. 1671 മെയ് 25ന് 24-ാമത്തെ വയസ്സിൽ അവൾ വിസിറ്റേഷൻ മഠത്തിൽ ചേർന്നു. ‘എന്റെ ഇഷ്ടം നീ ഇവിടെ ആയിരിക്കണം” എന്ന് ഒരു നിഗൂഢസ്വരം അവളോടു പറയുന്നതുപോലെ തോന്നി.

ഒരു ദിവസം വി. കുർബ്ബാനയിലായിരിക്കുമ്പോൾ ദൃശ്യരൂപത്തിൽ നമ്മുടെ കർത്താവ് കാണപ്പെട്ടുകൊണ്ടു പറഞ്ഞു, “മനുഷ്യരോട് പ്രത്യേകിച്ച് നിന്നോടുള്ള സ്നേഹത്താൽ എരിയുന്ന ഹൃദയം കാണുക. അതു നിയന്ത്രിക്കാനാവാതെ ലോകമാസകലം പ്രചരിപ്പിക്കാൻ നിന്നെ ഞാൻ ഉപകരണമാക്കിയിരിക്കുകയാണ്” തന്റെ പന്ത്രണ്ടു വാഗ്ദാനങ്ങൾ ഈശോ മാർഗറ്റിനെ അറിയിച്ച് അത് പ്രചരിപ്പിക്കാൻ പറഞ്ഞു.

ദൈവേഷ്ടം നടപ്പിലാക്കി ഈശോയുടെ തിരുനാമം ഉച്ചരിച്ചുകൊണ്ട് തന്റെ സ്നേഹത്തിനുള്ള സമ്മാനം വാങ്ങാൻ 1690 ഒക്ടോബർ 17-ാം തിയ്യതി ഈ വിശ്വസ്ത ദാസി ഈ ലോകം വെടിഞ്ഞു. 1920ൽ വിശുദ്ധയെന്ന് നാമകരണം ചെയ്യപ്പെട്ടു.

പൊരുളറിയാൻ :

# എസെക്കിയേൽ



മിനി ജോർജ്ജ് തട്ടിൽ
സെ. ജോസഫ് യൂണിറ്റ്



എസെക്കിയേലിന്റെ പുസ്തകം, അതിന്റെ ഉള്ളടക്കം, ഘടന, ചരിത്ര വീക്ഷണം എന്നിവയുടെ അടിസ്ഥാനത്തിൽ സങ്കീർണ്ണമായ പ്രവാചക ഗ്രന്ഥങ്ങളിലൊന്നായി കണക്കാക്കപ്പെടുന്നു. ഈ പുസ്തകത്തെ പൂർണ്ണമായി ഗ്രഹിക്കുന്നതിന്, രചയിതാവിന്റെ രാഷ്ട്രീയ പശ്ചാത്തലത്തേയും കാലത്തേയും കുറിച്ച് നാം ബോധവാനായിരിക്കണം. അഞ്ചാം നൂറ്റാണ്ടിലാണ് ഈ ഗ്രന്ഥം രചിക്കപ്പെട്ടത് എന്ന് കരുതപ്പെടുന്നു.

ബാബിലോണിയൻ അടിമത്ത്വത്തിന്, മുമ്പും ശേഷവും ഇസ്രായേലിലേക്ക് പ്രവാചകനാകാൻ വിളിക്കപ്പെട്ട ഒരു പുരോഹിതനായിരുന്നു, ബുസിയുടെ മകൻ എസെക്കിയേൽ. പാപത്തിന്റെ അടിമത്വത്തിൽ വ്യാപരിച്ചിരുന്ന അക്കാലജനതക്ക് എസെക്കിയേൽ നടത്തിയ പ്രവചനങ്ങൾ മനസ്സിലാക്കാൻ പ്രയാസമായിരുന്നു. ഒരിക്കൽ പ്രവാചക ദൗത്യത്തിനായി വിളിക്കപ്പെട്ട അയാളുടെ ജീവിതം മുഴുവൻ അതിൽത്തന്നെ ഒരു പ്രവചനമായി മാറുന്നു. ആശയങ്ങൾ നന്നായി മനസ്സിലാക്കാൻ ഈ പുസ്തകത്തെ ഇനിപ്പറയുന്ന രീതിയിൽ തരംതിരിക്കാം.

❖അധ്യായം ഒന്ന് മുതൽ 24 വരെ : യൂദയായ്ക്കും ജറുസലേമിനും എതിരായ ഭീഷണികൾ.

❖അധ്യായം 25 മുതൽ 32 വരെ : അമോന്യർ, മോവാബ്യർ, ഏദോമ്യർ, ഫിലിസ്ത്യർ, ടയിർ, സീദോൻ, ഈജിപ്ത് എന്നിങ്ങനെയുള്ള വിജാതീയരുടെ മേലുള്ള യഹോവയുടെ ന്യായവിധി.

❖അധ്യായം 33 മുതൽ 48 വരെ : രക്ഷക്കായി യഹോവ നൽകുന്ന വാഗ്ദാനങ്ങൾ. ഈ ആശയം 33 –39 അധ്യായങ്ങളിൽ "ഒരു പുതിയ പുറപ്പാട് സംഭവവും ഭൂമിയുടെ അവകാശം, തന്റെ അജഗണം എന്നീ നിലയിലും ജറൂസലേമിന്റെയും, പുതിയ ദേവാലയത്തിന്റെയും പുനർനിർമ്മാണം പിന്നീട് അനുഗ്രഹങ്ങളുടെ ഉറവിടമായി മാറും.

ദൈവം ആരുടെയും കുത്തകയല്ല: ദൈവം തന്റെ എല്ലാ മഹത്വത്തിലും കേബാർ നദിയുടെ







തീരത്ത് എസെക്കിയേലിന് പ്രത്യക്ഷനായി. ഏതാനും വാക്കുകളിൽ മാത്രം ഈ ദർശനത്തെ അടിച്ചമർത്താൻ കഴിയാതെ, 1:1–3:15 അധ്യായങ്ങളിൽ, പ്രവാചകനെ പ്രേരിപ്പിച്ച ഈ ദർശനത്തെക്കുറിച്ച് ഒരു ഹ്രസ്വവിവരണം നൽകുന്നു. അങ്ങനെ, ദൈവം വാഗ്ദത്ത ഭൂമിയിൽ ഒതുങ്ങുന്നില്ല, മറിച്ച് അവൻ എവിടെയും ദൃശ്യവും, അനുഭവയോഗ്യനുമാണെന്നുള്ള ഒരു പുതിയ ഉൾക്കാഴ്ച നൽകുകയും ചെയ്തു. ഒരു പ്രത്യേക വംശത്തിലോ, ദേശത്തിലോ, ജാതിയിലോ ദൈവത്തെ കെട്ടിയിടാൻ കഴിയില്ല. സർവ്വശക്തനായ ദൈവം: ബാബിലോൺ പ്രവാസത്തിൽ പ്രത്യാശയിലും ധൈര്യത്തിലും സഹിച്ചു നിൽക്കാൻ ഇസ്രായേല്യർക്ക് സർവ്വശക്തനായ ദൈവത്തെക്കുറിച്ച് പ്രവാചകൻ ഉറപ്പുനൽകി. പരിശുദ്ധ ദൈവം : പരിശുദ്ധൻ എന്നാൽ ദൈവത്തിന്റെ പേരു തന്നെ. ''ഇസ്രായേൽ'' ദൈവത്തിന്റെ നാമം വഹിക്കുന്നതിനാൽ ഈ നാമത്തിന്റെ വിശുദ്ധി നിലനിർത്താൻ അവർ ബാധ്യസ്ഥരാണ്.

മനുഷ്യന്റെ ധാർമ്മികവും മതപരവുമായ കടമകൾ : തനിക്കുമുമ്പുള്ള പ്രവചനങ്ങളോട് കൂറ് പുലർത്തികൊണ്ട്, നിലവിലുണ്ടായിരുന്ന കപടഭക്തിക്കെതിരെ പ്രവാചകൻ ശബ്ദമുയർത്തുന്നു. എസെക്കിയേൽ, ദൈവം സ്ഥാപിച്ച നിയമങ്ങളും ചട്ടങ്ങളും ഒരു കടമയായിട്ടല്ല, മറിച്ച് വിശ്വാസത്തെ പ്രതിയാണ് പാലിക്കേണ്ടത് എന്ന് വീണ്ടും സ്ഥിരീകരിക്കുന്നു. തന്റെ കാരുണ്യത്താൽ നമ്മെ സ്വന്തമാക്കുന്ന ദൈവം : വഴിതെറ്റി പോയവരെ അന്വേഷിക്കുകയും, അവരെ സമീപിക്കുകയും, തന്റെ അനന്തമായ കാരുണ്യത്താൽ നമ്മെ വീണ്ടും സ്വന്തമാക്കുകയും ചെയ്യുന്നവനാണ് ദൈവം. എസെക്കിയേലിന്റെ ഈ പ്രവചനം ക്രിസ്തുവിൽ നിറവേറുന്നു. പുരോഹിതനായ എസെക്കിലേയിന്റെ പ്രവചനങ്ങൾ ഇസ്രായേല്യർക്ക് ഒരു പുതിയ ഉൾക്കാഴ്ച നൽകിയ ഒന്നാണ്. അതിനാൽ അദ്ദേഹത്തെ യഹൂദ മതത്തിന്റെ പിതാവ് എന്ന് വിളിക്കുന്നത് തീർത്തും ഉചിതമാണ്. ശിക്ഷയുടെയും, രക്ഷയുടെയും പ്രതീകാത്മക വിവരണം : ദുഷ്ടന്റെ മരണത്തിൽ ദൈവത്തിനു സന്തോഷമില്ല, ഏത് പ്രവാസത്തിൽ നിന്നും അസ്ഥികളെ ജീവിപ്പിക്കുന്ന ദൈവത്തിന്റെ സ്നേഹം, പാപമാർഗ്ഗം ഉപേക്ഷിച്ച് ജീവൻ പ്രാപിക്കണമെന്ന ദൈവത്തിന്റെ ആഗ്രഹം, അവരവരുടെ പ്രവർത്തികൾക്കനുസരിച്ചുള്ള പ്രതിഫലം.

ഈ പ്രവചനഗ്രന്ഥം നമുക്ക് വളരെയേറെ ആത്മീയ ആഴങ്ങൾ നൽകി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥനയോടെ.... (തുടരും...)

# ക്രിസ്തുവിനു പിന്നാലെ

## സത്യമാം ദൈവം പഠിപ്പിക്കുന്നു



സി. നീത ടെസ്സിൻ

സത്യം നേരിട്ട് ആരെ പഠിപ്പിക്കുന്നുവോ അവൻ ഭാഗ്യവാൻ. അത് ഉപമകളോ ക്ഷണഭംഗുരമായ പദങ്ങളോ ഉപയോഗിച്ചല്ല പഠിപ്പിക്കുന്നത്; പ്രത്യുത ഓരോന്നും യഥാർത്ഥം പഠിപ്പിക്കുന്നു. നമ്മുടെ അഭിപ്രായങ്ങളും ഇന്ദ്രിയങ്ങളും പലപ്പോഴും നമ്മെ ചതിക്കുന്നു. അവ തുച്ഛം മാത്രമേ കാണുന്നുള്ളൂ. നിഗൂഢവും അവ്യക്തവുമായ വിഷയങ്ങളെക്കുറിച്ചു വളരെയേറെ ചർച്ചകൾ നടത്തിയിട്ടെന്തു പ്രയോജനം ? അവ അറിയാത്തതിനെപ്പറ്റി വിധിദിവസത്തിൽ നമ്മുടെ മേൽ കുറ്റാരോപണമുണ്ടാകുകയില്ല ആവശ്യമായവയും ഉപകാരപ്രദമായവയും തള്ളിക്കളഞ്ഞ്, കൗതുകാവഹവും ഉപദ്രവകരവുമായ കാര്യങ്ങളിൽ ശ്രദ്ധ പതിക്കുന്നത് മഹാമൗഢ്യമാണ്. കണ്ണുണ്ടായിരുന്നിട്ടും നാം കാണുന്നില്ല. നിത്യവചനം ആരോടു സംസാരിക്കുന്നുവോ അവൻ അഭിപ്രായ സഹസ്രങ്ങളിൽ നിന്നും വിമുക്തനാകുന്നു. ഈ ഏകവചനത്തിൽ നിന്നാണ് സമസ്തവും; എല്ലാം അവിടുത്തെപ്പറ്റി നമ്മോടു സംസാരിക്കുന്നു. നമ്മളോടു സംസാരിക്കുന്ന ആദിയും ആ വചനം തന്നെ. ഈ വചനം കൂടാതെ ആരും എന്തെങ്കിലും ഗ്രഹിക്കുകയോ ശരിയായി വിധിക്കുകയോ ചെയ്യുന്നില്ല.

ആർക്ക് എല്ലാം ഒന്നായിരിക്കുകയും ആര് എല്ലാം ഒന്നിലേക്ക് ആകർഷിക്കുകയും എല്ലാം ഒന്നിൽ കാണുകയും ചെയ്യുന്നുവോ അവൻ ഹൃദയസ്ഥിരതയോടും സമാധാനത്തോടും കൂടെ ദൈവത്തിൽ വസിക്കും. നാനാകാര്യങ്ങൾ കേൾക്കുന്നതും നാനാകാര്യങ്ങളെപ്പറ്റി വായിക്കുന്നതും എനിക്ക് മുഷിപ്പായി തോന്നുന്നു. ഞാൻ ആഗ്രഹിക്കുന്നതും എനിക്ക് ഇഷ്ടമുള്ളതുമായ സമസ്തവും അങ്ങിലുണ്ട്. ശാസ്ത്രജ്ഞന്മാരെല്ലാവരും അങ്ങയുടെ സന്നിധിയിൽ മൗനം അവലംബിക്കട്ടെ. സർവ്വസൃഷ്ടികളും മിണ്ടാതിരിക്കട്ടെ. അങ്ങുമാത്രം എന്നോടു സംസാരിക്കുക തന്നിൽ വേണ്ടപോലെ ഇണങ്ങുകയും ഉള്ളിൽ കാപട്യമില്ലാതിരിക്കു





കയും ചെയ്യുന്നവ ഉന്നതമായവൻ വളരെയേറെ കാര്യങ്ങൾ നിഷ്പ്രയാസം ഗ്രഹിക്കുന്നു. കാരണം ഉന്നതങ്ങളിൽ നിന്ന് അവന്റെ ബുദ്ധിക്കു പ്രകാശം ലഭിക്കുന്നതാണ്.

ശുദ്ധതയും പരമാർത്ഥതയും സ്ഥിരതയുള്ളവന്റെ മനസ്സ് നാനാവിധ ജോലികളുടെ ഇടയിൽ പതറി പോകുന്നില്ല. അവൻ സമസ്തവും ദൈവസ്തുതിക്കായി ചെയ്യുന്നു. സ്വാർത്ഥം വെടിഞ്ഞ് തന്നിൽ തന്നെ സാന്ത്വനം കണ്ടെത്തുന്നു. ഹൃദയത്തിന്റെ നിഗ്രഹിക്കപ്പെടാതുള്ള അനാശാസ്യ സ്നേഹ പ്രകൃതിയെക്കാൾ മറ്റെന്തു പ്രതിബന്ധവും ദ്രോഹവുമാണ് നിനക്കുണ്ടാകുന്നത്?

പലരും സുകൃതജീവിതം നയിക്കുന്നതിനെക്കാൾ അറിവു സമ്പാദിക്കുന്നതിൽ കൂടുതൽ ദത്തശ്രദ്ധരാകയാൽ പലപ്പോഴും വഞ്ചിതരാകുന്നു. അവർ ഒരു ഫലവും പുറപ്പെടുവിക്കുന്നില്ല അഥവാ പുറപ്പെടുവിച്ചാലും വളരെ തുച്ഛം. മനുഷ്യൻ വാദപ്രതിവാദം നടത്തുന്നതിൽ പ്രദർശിപ്പിക്കുന്ന ഉത്സാഹം ദുർഗുണങ്ങൾ ഉന്മൂലനം ചെയ്യാനും സദ്ഗുണങ്ങൾ സമ്പാദിക്കുവാനും പ്രകടിപ്പിച്ചിരുന്നുവെങ്കിൽ ജനങ്ങളുടെ ഇടയിൽ ഇത്രയേറെ തിന്മകളും ഉതപ്പുകളും ഉണ്ടാകുകയില്ലായിരുന്നു.

വിധി ദിവസത്തിൽ നാം എന്തു വായിച്ചുവെന്നല്ല എന്തു പ്രവർത്തിച്ചുവെന്നേ നിശ്ചയമായും ചോദ്യമുണ്ടാകുകയുള്ളൂ. അതുപോലെ തന്നെ നാം എത്ര പാണ്ഡിത്യത്തോടെ സംസാരിച്ചുവെന്നല്ല, പ്രത്യുത എത്ര ഭക്തിയോടെ ജീവിച്ചുവെന്നു മാത്രമേ പരിശോധിക്കുകയുള്ളൂ. തങ്ങളുടെ ജീവിതകാലത്ത് തങ്ങൾ മതിപ്പുള്ളവരാണെന്ന് അവർ കരുതിയിരുന്നു ഇപ്പോൾ അവരെക്കുറിച്ചു ലോകത്തിലാരും സംസാരിക്കുന്നില്ല. എളിമയോടെ ജീവിക്കുന്നതിനു പകരം മഹാന്മാരായി വാഴാൻ ആഗ്രഹിച്ച് തങ്ങളുടെ ഭാവനകളിൽ തന്നെ മുഴുകി വളരെയധികം പേർ നശിക്കുന്നു. ദൈവസ്നേഹമധികമുള്ളവർ തന്നെ മഹാൻ. ഉന്നതപദവിയെ ഗൗനിക്കാതെ സ്വന്തം ദൃഷ്ടിയിൽ എളിമയോടെ ജീവിക്കുന്നവൻ സാക്ഷാൽ മഹാൻ. ക്രിസ്തുവിനെ നേടുവാനായി ലൗകിക വസ്തുക്കളെ കുപ്പ പോലെ കരുതുന്നവൻ യഥാർത്ഥത്തിൽ വിവേകമുള്ളവൻ. ദൈവതിരുവുള്ളം നിറവേറ്റുകയും സ്വന്തം മനസ്സിനെ വെടിയുകയും ചെയ്യുന്നവൻ സാക്ഷാൽ അറിവുള്ളവൻ.

**വിചിന്തനം :**

അറിയാൻ വേണ്ടി മാത്രമല്ല അഭ്യസിക്കാൻ വേണ്ടി മതം പഠി

ക്കുക. ബുദ്ധിയോടെന്നതിനേക്കാൾ കൂടുതൽ ഹൃദയത്തോടു സംസാരിക്കുന്ന ദൈവവചനം ശ്രവിക്കുക. ആത്മരക്ഷയ്ക്കാവശ്യമായവ പഠിച്ചു പ്രവർത്തിക്കുക എന്നിവയാണു യഥാർത്ഥ ക്രിസ്തീയ ശാസ്ത്രം.


**അനുസ്മരണാവിഷയം :**

സത്യമാം ദൈവമേ, നിത്യമായ സ്നേഹത്താൽ എന്നെ അങ്ങയോടുകൂടെ ഒന്നിപ്പിക്കണമെ.

**അഭ്യാസം :**

സർവ്വകാര്യങ്ങളിലും ദൈവതിരുമനസ്സു നിറവേറ്റുക.








# ദിവ്യകാരുണ്യ അത്ഭുതങ്ങൾ



ജോളി മൈക്കിൾ
(സേക്രഡ് ഹാർട്ട് യൂണിറ്റ്)

**8. തൂരാനി, ഇറ്റലി 1625**

ഇന്നും നാം കണ്ട് വിശ്വസിക്കുന്നതിനായി ഒരു ദിവ്യകാരുണ്യ അത്ഭുതം 1625ൽ ട്രാനിയിലെ സ്വർഗ്ഗാരോപണ മാതാവിന്റെ പള്ളിയിൽ കാത്തിരിക്കുന്നു. ബർത്തലോമിയാകാമ്പി എന്ന സഹോദരൻ എഴുതിയിട്ടുള്ള സാക്ഷ്യപത്രത്തിൽ ഉദ്ധരിച്ചിട്ടുള്ളത്. എന്തെന്നാൽ ദിവ്യകാരുണ്യത്തിൽ വിശ്വാസമില്ലാത്ത ഒരു സ്ത്രീ താൻ സ്വീകരിച്ച ദിവ്യകാരുണ്യത്തെ രഹസ്യമായി ഒരു തൂവാലയിൽ പൊതിഞ്ഞ് വീട്ടിലേക്ക് കൊണ്ടുവന്നു. ഈ ദിവ്യകാരുണ്യത്തിൽ യേശുവിന്റെ യഥാർത്ഥ സാന്നിദ്ധ്യം ഉണ്ടോ എന്നും, ഇത് യേശുക്രിസ്തുവിന്റെ യഥാർത്ഥ മാംസവും രക്തവും തന്നെയാണോ എന്നും പരീക്ഷിക്കുന്നതിനായി, ഒരു പാത്രത്തിൽ എണ്ണയൊഴിച്ച് തീ കത്തിക്കുകയും തിരുവോസ്തിയെ എണ്ണയിൽ ഇടുകയും ചെയ്തു. ഉടൻ തന്നെ തിരുവോസ്തി മാംസമായി മാറി അതിൽ നിന്നും തിരുരക്തം പ്രവഹിക്കുകയും മാംസം പാത്രത്തിൽ നിന്ന് പുറത്തേ ക്ക് തെറിച്ച് തറയിൽ വീഴുകയും അടുക്കളഭാഗം മുഴുവൻ രക്തമയമാവുകയും ചെയ്തു. ആ സ്ത്രീ ഈ അത്ഭുതം കണ്ട് നിലവിളിച്ചതു കേട്ട് ഓടി വന്ന അയൽക്കാരും ഈ അത്ഭുതദൃശ്യം കണ്ട് സ്തംഭിച്ചു പോയി.

ഈ അത്ഭുതത്തെക്കുറിച്ച് അറിഞ്ഞ മെത്രാപ്പോലീത്ത തിരുവോസ്തിയെ ഉടൻ തന്നെ പള്ളിയിലേക്ക് കൊണ്ടുവരാൻ നിർദ്ദേശിച്ചു. വി. പാദ്രേ പിയോ ഈ സംഭവം സത്യമാണെന്ന് സാക്ഷ്യപ്പെടുത്തുന്നതോടുകൂടി ട്രാനി ഈശോയുടെ തിരുരക്തത്താൽ വിശുദ്ധി പ്രാപിച്ചുവെന്നും പറയുന്നു. 1616ൽ ഫാബ്രി സോ ദെകുനിയോ എന്ന വ്യക്തി വഴിപാടായി കൊടുത്ത അരുളിക്കയിൽ പൂജ്യ തിരുശേഷിപ്പ് സ്ഥാപിച്ച് സ്വർഗ്ഗാരോപിത രാജ്ഞിയുടെ ദൈവാലയത്തിൽ ഇന്നും അഴിയാതെ സൂക്ഷിച്ചിരിക്കുന്നു. ഒട്ടാവിയാനി കാമ്പിത്തെല്ലി എന്ന സൽക്കർമ്മി കൊടുത്ത സംഭാവന ഉപയോഗിച്ച് ദിവ്യാത്ഭുതം നടന്ന വീട് ഒരു ചെറിയ പള്ളിയാക്കി മാറ്റപ്പെട്ടിരിക്കുന്നു. ആ പള്ളിയിൽ വെച്ച്

ഇപ്പോഴും അനേകം അത്ഭുതങ്ങൾ സംഭവിക്കുന്നു. 1924ൽ മൊൺ സിഞ്ഞോർ ജിയുസിപ്പേ മരിയാലിയോയുടെ നേതൃത്വത്തിൽ അരങ്ങേറിയ എല്ലാ രൂപതകളുടെയും ദിവ്യകാരുണ്യസമ്മേളനത്തിൽ സംഭവിച്ച അത്ഭുതം പ്രത്യേകം എടുത്തുപറയേണ്ടതാണ്.

രചന :
**റവ. ഫാ. ജോനത്തൻ കപ്പൂച്ചിൻ**

## ബൈബിൾ ക്വിസ് 9/2023 വിജയികൾ

**ശരിയുത്തരങ്ങൾ അയച്ച എല്ലാ കൂട്ടുകാർക്കും ഹൃദ്യമായ അഭിനന്ദനങ്ങൾ.**

| | |
|---|---|
| 1. ജോആൻ കാതറിൻ ജോയ്, VI A | 2. ഏയ്ഞ്ചൽ റോസ് സജീവ്, IV B |
| 3. ആൻമരിയ ജോഷി, VIII A | 4. അന്നറോസ് സജീവ്, XII A |
| 5. ഫെലിസ് സിന്റോ, IV B | 6. ഫെലിക്സ് പി. സുനിൽ, VIII B |
| 7. അലൻ പോളി, VIII A | 8. ആഗ്നസ് സിന്റോ, IX B |
| 9. ആൻലിൽ മരിയ പോളി, XII B | 10. മാർഗ്രേസ് ജേക്കബ്, X B |
| 11. ആൻഡ്രിയ ജോസ്, IX A | 12. അശ്വിൻ പ്രിൻസ്, IV A |
| 13. അൻവിയ പ്രിൻസ്, V A | 14. ആന്റണി നിയോ ജോർജ്ജ്, ACC II |
| 15. ലിയ സജി, ACC II | |

### എത്രയും ദയയുള്ള മാതാവ് (ഉപകാരസ്മരണ)

എത്രയും ദയയുള്ള മാതാവേ, അങ്ങേ സങ്കേതത്തിൽ ഓടി വന്ന്, അങ്ങേ സഹായം തേടി, അങ്ങേ മാദ്ധ്യസ്ഥം അപേക്ഷിച്ചവരിൽ ഒരുവനെയെങ്കിലും അങ്ങ് ഉപേക്ഷിച്ചതായി കേട്ടിട്ടില്ല എന്ന് അങ്ങ് ഓർക്കണമേ. കന്യകകളുടെ രാജ്ഞിയായ കന്യകയേ, ദയയുള്ള മാതാവേ, ഈ വിശ്വാസത്തിൽ ശരണപ്പെട്ട്, അങ്ങേ തൃപാദത്തിൽ ഞാൻ അണയുന്നു. നെടുവീർപ്പോടും കണ്ണുനീരോടും കൂടെ പാപിയായ ഞാൻ അങ്ങേ ദയാധിക്യത്തെ കാത്തുകൊണ്ട് അങ്ങേ സന്നിധിയിൽ നിൽക്കുന്നു. അവതരിച്ച വചനത്തിന്റെ മാതാവേ, എന്റെ അപേക്ഷ ഉപേക്ഷിക്കാതെ ദയാപൂർവ്വം കേട്ടരുളേണമേ. ആമ്മേൻ

– ഷാന്റി ലോറൻസ്

**JOHNSON MASTER MEMORIAL MUSIC ACADEMY**
JANATHA ROAD, CHELAKKOTTUKARA
PH : 0487 2421036, MOB : 9349820992



*Violin, Guitar, Carnatic Music, Key Board*





## ചിന്താവിഷയം

## ആരുടെ പാപം മൂലം ?

**(യോഹ 9:1–3)**



**അവലംബം : ധ്യാനനിലയം ജെ. എം. ജ്ഞാനപ്രകാശം**
**തയ്യാറാക്കിയത് : നിമ്മി ആന്റ്ലോ, വിമലനാഥ യൂണിറ്റ്**

1. ജന്മനാ അന്ധനായ മനുഷ്യൻ.
2. ദൈവപരിപാലന എത്രയോ അത്ഭുതാവഹം !

യേശുവും ശിഷ്യരും നടന്നു പോകവേ, ജന്മനാ അന്ധനായൊരു മനുഷ്യനെകണ്ടു. അവർ ചോദിച്ചു: "കർത്താവേ ഇയാളുടെ ദുർഭാഗ്യത്തിനു കാരണമെന്ത് ? ഇയാൾ ചെയ്ത പാപങ്ങളോ, ഇയാളുടെ മാതാപിതാക്കന്മാർ ചെയ്ത പാപങ്ങളോ?" യേശു പറഞ്ഞു : "ഇയാളോ ഇയാളുടെ മാതാപിതാക്കളോ പാപം ചെയ്തതുകൊണ്ടല്ല. ദൈവത്തിന്റെ പ്രവൃത്തികൾ ഇയാളിൽ വെളിപ്പെടേണ്ടതിനത്രേ ഇങ്ങനെ സംഭവിച്ചത്".

നമ്മുടെ അന്ധത എത്രമാത്രമെന്നു നോക്കുക. എല്ലാ വേദനകളെയും അവശതകളെയും ദുർഭാഗ്യമായും ദൈവത്തിന്റെ ശിക്ഷയായും മാത്രമേ നമുക്കു കാണാൻ കഴിയുന്നുള്ളൂ. അവയിൽ ഒളിഞ്ഞിരിക്കുന്ന ദൈവകരം നാം കാണുന്നില്ല. മനുഷ്യന്റെ കാഴ്ച അത്രയ്ക്കും ഹ്രസ്വമാണ്. പുറമല്ലാതെ അകം കാണാനുള്ള കഴിവ് അവനില്ല. മനുഷ്യബുദ്ധി കൊണ്ട് അത്രയേ സാധിക്കൂ. മനുഷ്യൻ കാണാത്തത് ദൈവം കാണുന്നു. ദൈവം കാണുന്ന പലതും മനുഷ്യൻ കാണുന്നുമില്ല.

ഈ കുരുടന്റെ അന്ധത എങ്ങനെ ദൈവത്തിനു തന്റെ മഹത്വവും ശക്തിയും അയാളിലൂടെ കാണിക്കാൻ സഹായകമായി തീർന്നു എന്ന് പിന്നീടുള്ള ചരിത്രത്തിൽ നിന്നും നമുക്ക് മനസ്സിലാകുന്നു. കർത്താവോ വിശ്വാസത്തിന്റെയും ശരണത്തിന്റെയും എത്രയോ വലിയ പാഠമാണ് നീ ഞങ്ങളെ ഇതിലൂടെ പഠിപ്പിച്ചത്. ഈ മനുഷ്യന്റെ അന്ധത കണ്ടപ്പോൾ ലൗകീക ചിന്തയുള്ള മനുഷ്യൻ വിചാരിച്ചു. ദൈവം അയാളെ മറന്നുപോയെന്ന്. എന്നാൽ സമയത്തിന്റെ പൂർണ്ണതയിൽ നീ തന്നെ അയാളുടെ പക്കലേക്ക് ഇറങ്ങി ചെന്നിരിക്കുന്നു. അയാളെ ലോകമുള്ളിടത്തോളം കാലം, എല്ലാവരും ഓർക്കാൻ

തക്കവിധം നീ അനശ്വരനാക്കി തീർത്തു. അനാദിമുതൽ നീ അയാളെ സംബന്ധിച്ച് ഒരുക്കി വച്ചിരുന്ന പ്ലാനുകൾ നിവൃത്തിയാകുന്നതിനുള്ള ഒരു അവസരം മാത്രമായിരുന്നു അയാളുടെ അന്ധത. ഈ പരമാർത്ഥം കാണാൻ കഴിയാത്ത വനല്ലയോ സാക്ഷാൽ അന്ധൻ ?

നിന്റെ പരിപാലനത്തെക്കുറിച്ച് വായിക്കുകയും പഠിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും എന്റെ ജീവിതത്തിൽ കഷ്ടപ്പാടുകൾ വരുമ്പോൾ ഞാൻ വിശ്വാസമില്ലാത്തവനെപ്പോലെ പെരുമാറിപ്പോകുന്നു. നിന്റെ പരിപാലന കാണാൻ കഴിയാതെ സംസാരിച്ചു പോകുന്നു. വേദനയിലും വ്യഥയിലും നിന്റെ ഒളിഞ്ഞിരിക്കുന്ന സ്നേഹസ്പർശം അനുഭവിക്കുവാൻ എന്നെ പ്രാപ്തനാക്കണേ.

## ആഗസ്റ്റ് 2023 ദശാംശം

| | | | | | |
|---|---|---|---|---|---|
| 1. | സെ. വിൻസെന്റ് ഡി പോൾ | 5240 | 15. | സെ. ക്ലാര | 1920 |
| 2. | സെ. ജെയിംസ് | 4400 | 16. | വിമലനാഥ | 8000 |
| 3. | ആവേമരിയ | 2500 | 17. | ലൂർദ്ദ്മാത | 8010 |
| 4. | സെ. തോമസ് | 2500 | 18. | സെ. ജൂഡ് | 6500 |
| 5. | മദർതെരേസ | 2345 | 19. | ഡോൺബോസ്കോ | – |
| 6. | സെ. ജോർജ്ജ് | 8440 | 20. | സെ. സേവ്യർ | 1680 |
| 7. | സെ. റാഫേൽ | 3800 | 21. | സെ. ജോൺ | 5400 |
| 8. | ഹോളി ഫാമിലി | 3650 | 22. | ഗുഡ്ഷെപ്പേർഡ് | – |
| 9. | സെ. മേരീസ് | 8150 | 23. | ലിറ്റിൽ ഫ്ളവർ | 5580 |
| 10. | സെ. ആന്റണീസ് | 6550 | 24. | സെ. ജോസഫ് | 6500 |
| 11. | സെ. എവുപ്രാസ്യ | – | 25. | മേരിമാത | 3100 |
| 12. | സേക്രഡ്ഹാർട്ട് | 4340 | 26. | സെ. ഫ്രാൻസീസ് | 2900 |
| 13. | സെ. സെബാസ്റ്റ്യൻ | 7000 | | **ആകെ** | **113315** |
| 14. | സെ. പോൾ | 4810 | | | |

**പരിശുദ്ധാത്മാവിനോടുള്ള പ്രാർഥന (ഉപകാരസ്മരണ)**


**പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവ് തരുന്ന ദൈവീക ദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നും അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു.**

**– എൽസമ്മ**





കഥ



# രണ്ട് കൂട്ടുകാർ

**തോമസ് കോമ്പാറ**

ഒന്നാം കൂട്ടുകാരൻ ചോദിച്ചു: “ഈ 2023ലെ ഓണത്തിന് കേരള ജനത മദ്യപാനം, ചെയ്ത കോടികളുടെ റിപ്പോർട്ട് കണ്ടോ ? കരളി ന് ദ്വാരം വീണാൽ മദ്യം ചോരി ല്ലേ! രണ്ടാം കൂട്ടുകാരൻ പറഞ്ഞു: തൃശ്ശൂർ ജില്ലയിൽ ഇരിങ്ങാലക്കുടയാണത്രെ ഇത്തവണത്തെ മദ്യപാനത്തിൽ ഒന്നാം സ്ഥാനത്ത് എന്ന് വാർത്തയുണ്ട്.

ഒന്നാം കൂട്ടുകാരൻ പറഞ്ഞു: ഇന്നസെന്റ് മരിച്ചതിന്റെ ദുഃഖം ഇരിങ്ങാലക്കുടക്കാരൻ രേഖപ്പെടുത്തിയതായിരിക്കും. ഇന്നസെന്റ് ഇതറിഞ്ഞാൽ പറയുമായിരിക്കും: “കുടിച്ചും വലിച്ചും സ്വന്തം ആരോഗ്യവും കുടുംബത്തിന്റെ ആരോഗ്യവും കളയണ്ട കൂട്ടരെ”

സ്വയം തീരുമാനിക്കൂ! മനുഷ്യാ!

ദൈവമേ! കറന്റ് ബില്ല് കണ്ടാൽ ഷോക്കടിക്കും.

അപ്പോ വാട്ടർ ബില്ല് കണ്ടാ ലോ? വെള്ളം കുടിക്കും.

വീട്ടമ്മമാരുടെ കണ്ണീരിൽ നിന്നും മദ്യം വാറ്റുന്ന കാലം വരുമെന്ന് കൂട്ടുകാരൻ പറഞ്ഞു. പുലർച്ച മുതൽ രാത്രി വൈകും വരെ അടുക്കളയിലും അലക്കുകല്ലിലും തേഞ്ഞു തീരുന്ന വീട്ടമ്മമാർക്ക് പെൻഷൻ അനുവദിക്കാൻ അധികൃതർ ഗൗരവത്തോടെ ചിന്തിക്കേണ്ടതാണ്. വീട്ടമ്മമാർ സഹനത്തിന്റെ മാലാഖമാരാണ്.

ഇനിയുള്ള കാലം എല്ലാർക്കും ബാങ്ക് ബാലൻസ് വേണം. ഇല്ലെങ്കിൽ ജീവിതത്തിന്റെ ബാലൻസ് തെറ്റും. തെറ്റും ശരിയും തിരിച്ചറിഞ്ഞിട്ടും തെറ്റിലേയ്ക്ക് തിരിയുന്നവരുടെ മാനസാന്തരത്തിനായ് പ്രാർത്ഥിക്കാം.




LALEE
DRIVING SCHOOL
Enquiry Office : Chelakkottukara, Near Caico Company
Prop. Mrs. Saly Babu, Mobile : 9895224230
പുരുഷന്മാരെയും സ്ത്രീകളെയും ഡ്രൈവിംഗ് പഠിപ്പിക്കുന്നു
സ്ത്രീകളെ സ്ത്രീകൾ തന്നെ പഠിപ്പിക്കുന്നു.
ഞായറാഴ്ച ദിവസങ്ങളിൽ പഠിക്കുന്നതിന് പ്രത്യേക സൗകര്യം





പഴയ സ്വർണ്ണാഭരണങ്ങൾ,
പണയാഭരണങ്ങൾ
ഉയർന്ന വിലയ്ക്ക് എടുക്കുന്നു.

Mob : 9496645126

ഇതര സ്ഥാപനങ്ങളിൽ കൂടിയ പലിശയിനത്തിൽ
വച്ചിരിക്കുന്നതും സമയപരിധി കഴിഞ്ഞു
തിരിച്ചെടുക്കാൻ കഴിയാതിരിക്കുന്നതുമായ
നിങ്ങളുടെ വിലയേറിയ സ്വർണ്ണാഭരണങ്ങൾ
കൂടുതൽ വിലയ്ക്ക് എടുക്കുന്നു.





## ഒക്ടോബർ മാസത്തിലെ ആരാധനയോടു കൂടിയുള്ള ജപമാലയാചരണം

**ഒക്ടോബർ 19 വ്യാഴാഴ്ച മുതൽ ഒക്ടോബർ 28 ശനിയാഴ്ച വരെ വൈകീട്ട് 6 മണിക്ക് വി. കുർബാന, ആരാധന, ജപമാല, പരിശുദ്ധ കുർബാനയുടെ ആശിർവ്വാദം.**

**ഒക്ടോബർ 29 ഞായറാഴ്ച 6 a.m., 7.30 a.m., 9.00 a.m.**
**വി. കുർബാനകൾ, 4.15 p.m.ന് വി. കുർബാന,**
**ജപമാല പ്രദക്ഷിണം** (തിരുനാൾ പ്രദക്ഷിണ വഴിയിലൂടെ)

വിവിധ യൂണിറ്റുകളിൽ നിന്നും ജപമാല ചൊല്ലികൊണ്ട് എല്ലാവരും പള്ളിയങ്കണത്തിൽ ഉച്ചതിരിഞ്ഞ് 4.30ന് എത്തിചേരുന്നു.
5 p.m. ഇടവകയുടെ പൊതുവായ ജപമാല റാലി പ്രദക്ഷിണ വഴിയിലൂടെ പോയി പള്ളിയിൽ എത്തിച്ചേരുന്നു.

**31-10-2023 ചൊവ്വ വസ്ത്ര സമർപ്പണം**

5.00 p.m. വി. കുർബാന. പരിശുദ്ധ കുർബാനയുടെ വാഴ്വ്.
❖വസ്ത്ര സമർപ്പണം - ഉപവി പ്രവർത്തനത്തിലൂടെ മറ്റുള്ളവരെ സഹായിക്കേണ്ടതിന്. വിവാഹത്തിന് സമ്മാനിക്കാവുന്ന സാരി, ചുരിദാർ മെറ്റീരിയൽ, ബെഡ്ഷീറ്റ്, പില്ലോ കവർ, ടർക്കി ടവൽ, മുണ്ട്, റെഡിമെയ്ഡ് ഷർട്ട് എന്നിവ സമർപ്പിക്കാവുന്നതാണ്. എല്ലാം പുതിയതായിരിക്കണം.

## കുടുംബയൂണിറ്റുകൾ ജപമാല ചൊല്ലേണ്ട ദിവസങ്ങളും, സമയക്രമവും

**02-10-2023 മുതൽ 18-10-2023 വരെയും ഒക്ടോബർ 30 നും**

| | | |
|---|---|---|
| **ഒക്ടോബർ 2** | **സമയം** | **കുടുംബയൂണിറ്റ്** |
| **തിങ്കൾ** | 5 p.m. - 6 p.m. | സെ. ജെയിംസ് & എവുപ്രാസ്യമ്മ |
| **ഒക്ടോബർ 3** | **സമയം** | **കുടുംബയൂണിറ്റ്** |
| **ചൊവ്വ** | 5 p.m. - 6 p.m. | സെ. മേരീസ് & വി. മദർ തെരേസ |
| **ഒക്ടോബർ 4** | **സമയം** | **കുടുംബയൂണിറ്റ്** |
| **ബുധൻ** | 5 p.m. - 6 p.m. | വിമലനാഥ & സെ. ജോൺ |
| **ഒക്ടോബർ 5** | **സമയം** | **കുടുംബയൂണിറ്റ്** |
| **വ്യാഴം** | 5 p.m. - 6 p.m. | ഗുഡ്ഷെപ്പേർഡ് & മേരിമാത |

| | | |
|---|---|---|
| ഒക്ടോബർ 6<br>വെള്ളി | സമയം<br>5 p.m. - 6 p.m. | കുടുംബയൂണിറ്റ്<br>സെ. തോമസ് & സെ. ക്ലാര |
| ഒക്ടോബർ 7<br>ശനി | സമയം<br>5 p.m. - 6 p.m. | കുടുംബയൂണിറ്റ്<br>സെ. ആന്റണീസ് & സെ. പോൾ |
| ഒക്ടോബർ 9<br>തിങ്കൾ | സമയം<br>5 p.m. - 6 p.m. | കുടുംബയൂണിറ്റ്<br>ലിറ്റിൽ ഫ്ളവർ & സെ. ജോസഫ് |
| ഒക്ടോബർ 10<br>ചൊവ്വ | സമയം<br>5 p.m. - 6 p.m. | കുടുംബയൂണിറ്റ്<br>സെ.വിൻസെന്റ് ഡിപോൾ &<br>സെ. ഫ്രാൻസിസ് |
| ഒക്ടോബർ 11<br>ബുധൻ | സമയം<br>5 p.m. - 6 p.m. | കുടുംബയൂണിറ്റ്<br>സെ. സെബാസ്റ്റ്യൻ & സെ. സേവ്യർ |
| ഒക്ടോബർ 12<br>വ്യാഴം | സമയം<br>5 p.m. - 6 p.m. | കുടുംബയൂണിറ്റ്<br>സെ. ജോർജ് & ഡോൺബോസ്കോ |
| ഒക്ടോബർ 13<br>വെള്ളി | സമയം<br>5 p.m. - 6 p.m. | കുടുംബയൂണിറ്റ്<br>ഹോളി ഫാമിലി |
| ഒക്ടോബർ 14<br>ശനി | സമയം<br>5 p.m. - 6 p.m. | കുടുംബയൂണിറ്റ്<br>ലൂർദ്മാതാ |
| ഒക്ടോബർ 16<br>തിങ്കൾ | സമയം<br>5 p.m. - 6 p.m. | കുടുംബയൂണിറ്റ്<br>സെ. ജൂഡ് |
| ഒക്ടോബർ 17<br>ചൊവ്വ | സമയം<br>5 p.m. - 6 p.m. | കുടുംബയൂണിറ്റ്<br>സേക്രഡ് ഹാർട്ട് |
| ഒക്ടോബർ 18<br>ബുധൻ | സമയം<br>5 p.m. - 6 p.m. | കുടുംബയൂണിറ്റ്<br>ആവേ മരിയ |
| ഒക്ടോബർ 30<br>തിങ്കൾ | സമയം<br>5 p.m. - 6 p.m. | കുടുംബയൂണിറ്റ്<br>സെ. റാഫേൽ |

**ഒക്ടോബർ 1 മുതൽ 31 വരെ അഖണ്ഡ ജപമാല**

**ജപമാല മാസത്തിലെ 31 ദിവസത്തെ നിയോഗങ്ങൾ**

1. ഗർഭസ്ഥ ശിശുക്കൾക്ക് വേണ്ടി പ്രാർത്ഥിക്കാം.
2. കുട്ടികൾക്കുവേണ്ടി പ്രാർഥിക്കാം.
3. യുവജനങ്ങൾക്കുവേണ്ടി പ്രാർഥിക്കാം.
4. വൃദ്ധജനങ്ങൾക്കുവേണ്ടി പ്രാർഥിക്കാം.
5. വിദ്യാർഥികൾക്കുവേണ്ടി പ്രാർഥിക്കാം.



2023 സ്നേഹദൂത് ഒക്ടോബർ

6. വിവാഹിതർക്കുവേണ്ടി പ്രാർഥിക്കാം.
7. വിധവകൾക്കുവേണ്ടി പ്രാർഥിക്കാം.
8. രോഗികൾക്കുവേണ്ടി പ്രാർഥിക്കാം.
9. ലഹരിക്ക് അടിമയായിരിക്കുന്നവർക്കുവേണ്ടി പ്രാർഥിക്കാം.
10. കുടുംബങ്ങൾക്കുവേണ്ടി പ്രാർഥിക്കാം.
11. വൈദ്യശാസ്ത്രരംഗത്ത് പ്രവർത്തിക്കുന്ന എല്ലാവർക്കുംവേണ്ടി പ്രാർഥിക്കാം.
12. വിദേശത്തു ജോലി ചെയ്യുന്നവർക്കുവേണ്ടി പ്രാർഥിക്കാം.
13. തൊഴിലാളികൾക്കുവേണ്ടി പ്രാർഥിക്കാം.
14. മാതാപിതാക്കൾക്കുവേണ്ടി പ്രാർഥിക്കാം.
15. മതസൗഹാർദം ഉണ്ടാകുന്നതിനു വേണ്ടി പ്രാർഥിക്കാം.
16. പരിസ്ഥിതി സംരക്ഷണത്തിനുവേണ്ടി പ്രാർഥിക്കാം.
17. നല്ല കാലാവസ്ഥ ലഭിക്കുന്നതിനുവേണ്ടി പ്രാർഥിക്കാം.
18. യുദ്ധം മൂലം കഷ്ടതയനുഭവിക്കുന്ന അഭയാർത്ഥികൾക്കുവേണ്ടി പ്രാർഥിക്കാം.
19. അതിരൂപതക്കുവേണ്ടി പ്രാർഥിക്കാം.
20. സമർപ്പിതർക്കുവേണ്ടി പ്രാർഥിക്കാം.
21. വൈദികർക്കുവേണ്ടി പ്രാർഥിക്കാം.
22. വൈദിക വിദ്യാർഥികൾക്കുവേണ്ടി പ്രാർഥിക്കാം.
23. അനാഥർക്കുവേണ്ടി പ്രാർഥിക്കാം.
24. ഇടവകയ്ക്കും ഇടവകയിലെ ഭക്തസംഘടനകൾക്കും വേണ്ടി പ്രാർഥിക്കാം.
25. തൊഴിൽരഹിതർക്കുവേണ്ടി പ്രാർഥിക്കാം.
26. ലോകസമാധാനത്തിനുവേണ്ടി പ്രാർഥിക്കാം.
27. മരണമടഞ്ഞവർക്കുവേണ്ടി പ്രാർഥിക്കാം.
28. മിഷ്യൻ പ്രദേശത്ത് സേവനമനുഷ്ഠിക്കുന്നവർക്കുവേണ്ടി പ്രാർഥിക്കാം.
29. തീവ്രവാദികളുടെ മാനസാന്തരത്തിനുവേണ്ടി പ്രാർഥിക്കാം.
30. തഴക്കദോഷങ്ങളിൽ നിന്നും മോചനം ലഭിക്കുന്നതിനുവേണ്ടി പ്രാർഥിക്കാം.
31. നമുക്കോരോരുത്തർക്കും വേണ്ടി പ്രാർഥിക്കാം.


**എത്രയും ദയയുള്ള മാതാവ് (ഉപകാരസ്മരണ)**

എത്രയും ദയയുള്ള മാതാവേ, അങ്ങേ സങ്കേതത്തിൽ ഓടി വന്ന്, അങ്ങേ സഹായം തേടി, അങ്ങേ മാദ്ധ്യസ്ഥം അപേക്ഷിച്ചവരിൽ ഒരുവനെയെങ്കിലും അങ്ങ് ഉപേക്ഷിച്ചതായി കേട്ടിട്ടില്ല എന്ന് അങ്ങ് ഓർക്കണമേ. കന്യകകളുടെ രാജ്ഞിയായ കന്യകയേ, ദയയുള്ള മാതാവേ, ഈ വിശ്വാസത്തിൽ ശരണപ്പെട്ട്, അങ്ങേ തൃപാദത്തിൽ ഞാൻ അണയുന്നു. നെടുവീർപ്പോടും കണ്ണുനീരോടും കൂടെ പാപിയായ ഞാൻ അങ്ങേ ദയാധിക്യത്തെ കാത്തുകൊണ്ട് അങ്ങേ സന്നിധിയിൽ നിൽക്കുന്നു. അവതരിച്ച വചനത്തിന്റെ മാതാവേ, എന്റെ അപേക്ഷ ഉപേക്ഷിക്കാതെ ദയാപൂർവ്വം കേട്ടരുളേണമേ. ആമ്മേൻ

- ഷാന്റി ലോറൻസ്

ലേഖനം

# ലെഗിയോൻ



**ജേക്കബ് ചിറയത്ത്**
സെ. വിൻസെന്റ് ഡി പോൾ യൂണിറ്റ്

പൗലോസ് തിമോത്തിയോസിന് എഴുതിയ രണ്ടാം ലേഖനത്തിൽ ഇപ്രകാരം പറയുന്നുണ്ട്. "യേശുക്രിസ്തുവിനോട് ഐക്യപ്പെട്ട് വിശുദ്ധ ജീവിതം നയിക്കാൻ ആഗ്രഹിക്കുന്നവരെല്ലാം പീഡിപ്പിക്കപ്പെടും".

കുത്തഴിഞ്ഞ ജീവിതം 45-ാം വയസ്സിൽ ജോണിയെ ഒരു രോഗി ആക്കിയപ്പോൾ വീട്ടുകാരുടെ നിർബന്ധത്തിന് വഴങ്ങി ധ്യാനം കൂടാൻ പുറപ്പെട്ടു. മാസംതോറും ഉള്ള ധ്യാനം കൂടി കുറച്ച് മാസങ്ങൾ കഴിഞ്ഞപ്പോൾ ജോണിക്ക് എന്തോ അതിൽ വലിയ ആശ്വാസം തോന്നി. താമസിയാതെ ജോണി നന്നാവാൻ തീരുമാനം എടുത്തു. അങ്ങനെയിരിക്കെ വളരെയധികം സുഹൃത്തുക്കൾ ഉണ്ടായിരുന്ന ജോണിക്ക് പതുക്കെ പതുക്കെ സുഹൃത്തുക്കളെ നഷ്ടപ്പെടാൻ തുടങ്ങി എന്ന് മാത്രമല്ല ഇവർ ജോണിയുടെ ശത്രുക്കളായി മാറാനും തുടങ്ങി. സുഹൃത്തുക്കളുടെ ഈ പെരുമാറ്റത്തിൽ വളരെയധികം ദുഃഖിച്ച ജോണി അടുത്ത തവണ ധ്യാനത്തിന് പോയപ്പോൾ അച്ചനോട് വളരെയധികം ദുഃഖത്തോടെ കാര്യം അവതരിപ്പിച്ചു. ഇത് കേട്ട് അച്ചൻ നൽകിയ ഉപദേശമാണ് താഴെ കൊടുക്കുന്നത്.

"ഭൂരിഭാഗം മനുഷ്യനിലും ഒരു പിശാച് അധിവസിക്കുന്നുണ്ട്. സമയം വരുമ്പോൾ ആ പിശാച് പുറത്ത് വരും. ഒരു വ്യക്തി നന്നാവാൻ തീരുമാനിച്ചാൽ ആ വ്യക്തിയുമായി അടുത്ത് ഇടപഴകുന്നവരിലുള്ള പിശാച് പുറത്ത് വന്ന് ആ വ്യക്തിയെ ആക്രമിച്ച് കൊണ്ടിരിക്കും. മുമ്പ് ജോണി ഒരു മോശം വ്യക്തി ആയിരുന്നു. അതുകൊണ്ട് തന്നെ എല്ലാ പിശാചുക്കളുടെയും സുഹൃത്തുമായിരുന്നു. ഇപ്പോൾ ജോണിയിൽ ദൈവികമായ ഒരു തേജസ്സ് കയറി വന്നപ്പോൾ ചുറ്റിലുമുള്ള അയാളുടെ പ്രിയപ്പെട്ടവരിലെ പിശാചുക്കൾ ഉണരാനും ആക്രമിക്കാനും തുടങ്ങിയിരിക്കുന്നു. ഒരു പിശാചല്ല അനേകം പിശാചുക്കൾ - അതായത് ലെഗിയോൺ ! ഇവിടെയാണ് ദൈവത്തോട് നാം എത്രമാത്രം ചേർന്ന് നിൽക്കുന്നുവെന്ന് മനസ്സിലാക്കാൻ ശ്രമിക്കേണ്ടത്. നാം എത്രമാത്രം ദൈവത്തോട് ചേർന്ന് നിൽക്കുന്നു അത്രമാത്രം നമ്മുടെ ചുറ്റിലുമുള്ള പിശാചുക്കളെ നമുക്ക് പരാജയപ്പെടുത്താൻ സാധിക്കും. അങ്ങനെ കുറച്ച് കഴിയുമ്പോൾ ഈ പിശാചുക്കളെ അതിജീവിച്ച് നാം തോല്പിക്കാൻ പറ്റാത്ത വ്യക്തിയായി മാറും. അതിന് ജോണിക്ക് കഴിയണം. ദൈവം അനുഗ്രഹിക്കട്ടെ".

നമ്മൾ ഓരോരുത്തരും നന്നാവാൻ തീരുമാനിക്കുമ്പോൾ, അതിനെ തടസ്സപ്പെടുത്തുന്ന രീതിയിലുള്ള നമ്മുടെ പ്രിയപ്പെട്ടവരുടെ പ്രവൃത്തികൾ ഉണ്ടാകുമ്പോൾ അച്ചൻ ജോണിക്ക് പറഞ്ഞ് കൊടുത്ത ഈ നല്ല വാക്കുകളെയും, പൗലോസ് തിമോത്തേയോസിന് എഴുതിയ ഞാനിവിടെ തുടക്കത്തിൽ പ്രതിപാദിച്ച വാക്കുകളെയും നെഞ്ചോട് ചേർത്ത് പിടിച്ച് ലെഗിയോണിനെ തുരത്താം "അവസാനം വരെ സഹിച്ചുനിൽക്കുന്നവൻ രക്ഷ പ്രാപിക്കും" എന്ന സുവിശേഷ വാക്യത്തെ ഓർക്കാം.





If you think Comfortable... I am on the way
My Dreams TRAVELS
Joe Davis (Jimmy)
09349992228
07907553846
09387992228
Day Night Service
Tourist Vehicles
Chelakottukara, Thrissur-5.
Ph: 0487-2429866 (Res)


റിയൽ എസ്റ്റേറ്റ് സർവ്വീസ്
വീടും സ്ഥലവും കൊടുക്കാനുള്ളവർ വിളിക്കുക
9495093030
❖ നെല്ലിക്കുന്ന് ഇടവകയിൽ 5 സെന്റ് സ്ഥലവും ഓട് വീടും 28 ലക്ഷം ❖ 3 സെന്റ് സ്ഥലം വീട് 28 ലക്ഷം.
❖ ചൂലിശേരി 20 സെന്റ് സ്ഥലം. സെന്റിന് 1.50 ലക്ഷം.

ചെറുകഥ

# അച്ചാമ്മയുടെ പൊന്നുമക്കൾ



**ജോജി മോൾ ഷാജു** (ലൂർദ്മാത യൂണിറ്റ്)

അച്ചാമ്മചേടത്തി ഒരു സംഭവമായിരുന്നു. പള്ളിമേടയിലെ കുശിനിക്കാരിയായ അച്ചാമ്മയുടെ കൈപുണ്യത്തെക്കുറിച്ച് ഊട്ടുശാലയിൽ വന്നുപോയവർ വാഴ്ത്തിപാടാതെ തിരിച്ചുപോകില്ല. അടുപ്പത്ത് കിടന്ന് തിളയ്ക്കുന്ന കറികൾ പാകമാകുമ്പോഴേയ്ക്കും മണം പിടിച്ച് അച്ചാമ്മ പറയുമായിരുന്നു, അതിലിത്തിരി ഉപ്പിന്റെ കുറവുണ്ട്... പുളി പോരാ... എരുവു കൂടുതലാ... അങ്ങനെയങ്ങനെ. പക്ഷെ അച്ചാമ്മചേടത്തി കാര്യമായി ഭക്ഷണമൊന്നും കഴിക്കുന്നത് കാണാറില്ല. ഏവരേയും ഊട്ടി സംതൃപ്തിപ്പെടുത്തുമ്പോൾ അച്ചാമ്മയുടെ മനസ്സ് നിറയും.

പള്ളിമേടയിൽ എന്തെങ്കിലും പരിപാടികൾ കഴിഞ്ഞ് ഭക്ഷണം ബാക്കിവന്നാലൊന്നും അച്ചാമ്മ യത് വീട്ടിൽ കൊണ്ടുപോകാറില്ല. തനിക്ക് 2 ആൺമക്കളാ. അവർക്കുമിപ്പോൾ മക്കളായി. അവരെല്ലാം സുഖമായി ജീവിക്കുന്നു. അവരെയൊക്കെ ഈ കുശിനി പണിയെടുത്ത് വലുതാക്കിയെടുത്തു. ഇപ്പോളവർക്ക് അച്ചാമ്മയെ വേണ്ടാതായി. അച്ചാമ്മയ്ക്കോ അതെക്കുറിച്ച് യാതൊരു പരിഭവുമില്ല. അവർക്കു വേണ്ടെങ്കിൽ വേണ്ട. ഞാനവരെ ബുദ്ധിമുട്ടിക്കാൻ ആഗ്രഹിക്കണില്ല. അവരെക്കുറിച്ച് അച്ചാമ്മചേടത്തി ഒരിക്കലും കുറ്റം പറയുന്നത് ആരും കേട്ടിട്ടില്ല.

അങ്ങനെയിരിക്കെ ഈയിടെയായി അച്ചാമ്മചേടത്തി വൈകുന്നേരമായാൽ എന്തൊക്കെയോ പൊതിഞ്ഞെടുത്ത് പമ്മി പമ്മി തൊട്ടടുത്ത കുറ്റിക്കാട്ടിലേയ്ക്ക് പോവുന്നത് കാണാം. ഒരു ദിവസം അച്ചാമ്മചേടത്തിയുടെ കള്ളത്തരം പിടിക്കാൻ കപ്യാര് ജോസുട്ടനും പതുക്കെ പിന്നാലെ പോയി. റോഡിനോട് ചേർന്ന് കാടുപിടിച്ചുകിടക്കുന്ന കുറ്റിക്കാടാണ്. ഹൈവേയിൽ പൈപ്പിടുന്നതിനായി ഒരാൾ ഉയരമുള്ള പൈപ്പുകൾ അവിടെ ധാരാളം കൊണ്ടിട്ടിട്ടുണ്ട്. അതിനുള്ളിലേക്കാണ് അച്ചാമ്മ കയറി പോകുന്നത് കണ്ട





ത്. തിരിച്ചു വരുന്നതുവരെ ജോസുട്ടൻ കാത്തിരുന്നു.

വഴിയിലേക്ക് കടന്നതോടെ ജോസുട്ടൻ അച്ചാമ്മചേടത്തിയ്ക്ക് മുമ്പിൽ കുറുകെ ചാടികൊണ്ട് ചോദിച്ചു, "അച്ചാമ്മചേടത്തി, സത്യം പറഞ്ഞോ, ആ പൈപ്പിന്റെയുള്ളിൽ അച്ചാമ്മചേടത്തിക്ക് എന്താ പണി ?" കപ്യാർ ജോസുട്ടന് മാത്രമെ ഇത്ര ധൈര്യത്തിൽ അച്ചാമ്മയോട് ഇങ്ങനെ ചോദിക്കാനുള്ള സ്വാതന്ത്ര്യമുള്ളൂ... "എടാ, ജോസുട്ടീ... നീയൊന്ന് വായോ. നമുക്ക് രണ്ടാൾക്കും അവിടേക്ക് ഒന്നു പോയിട്ടു വരാം. അച്ചാമ്മ കയ്യോടെ ജോസുട്ടിയുടെ കൈകേറി പിടിച്ച് അവനേയും വലിച്ചു കൊണ്ടു നടന്നു. എന്തുചെയ്യണമെന്നറിയാതെ ജോസുട്ടി പിന്നാലെ.

ആ വലിയ പൈപ്പിനടുത്തെത്തിയപ്പോൾ അവൻ കണ്ടു... ഒരമ്മ പട്ടിയും അഞ്ചുകുട്ടികളും. പ്രസവിച്ചിട്ട് അധികമാകാത്ത അവറ്റങ്ങളെ ചൂണ്ടി അച്ചാമ്മ വിവരിച്ചു. 'എടാ ജോസുട്ടീ... ഈ പട്ടിയുണ്ടല്ലോ പൂർണ്ണവയറായിരിക്കുമ്പോഴാണ് അതിനെ വണ്ടിയിടിച്ച് കാലൊടിഞ്ഞ് റോഡിൽ കിടക്കുന്നത് കണ്ടത്. ഞാനാടാ ഇതിനെ ഇവിടെ കൊണ്ടാക്കിയതും അതിന്റെ കാൽ പട്ടീസ് വച്ച് കെട്ടികൊടുത്തതും. ഇവിടെ കിടന്ന് ഈ പട്ടി പ്രസവിച്ചു. ഇപ്പോൾ ഈ അമ്മയുടെയും കുട്ടികളുടെയും ഉത്തരവാദിത്വം എന്റെ തലയിലാടാ..."

ഇതെല്ലാം കണ്ടും കേട്ടും ജോസുട്ടിയുടെ കണ്ണുകളും ഒപ്പം ഹൃദയവും ഒരുമിച്ച് വിടർന്നു. തന്റെ മുമ്പിൽ നിൽക്കുന്ന അച്ചാമ്മചേടത്തിയെ നോക്കി ജോസുട്ടി ഉറക്കെ വിളിച്ചു പറഞ്ഞു...

"അച്ചാമ്മചേടത്തി... ശരിക്കും ഒരു സംഭവാട്ടാ..."

*Be healthy........ Be safe with Homoeopathy*

**ഡോ. സ്മിത ജോസഫ് B.H.M.S.**

**SRA 43, ശാസ്ത്രി റോഡ്, നെല്ലിക്കുന്ന്**

**പരിശോധന സമയം : 4.30 p.m. - 7.30 p.m.**

**Booking : 9744766901**

## വിശ്വാസ പരിശീലന ദിനാഘോഷം നടത്തി

നെല്ലിക്കുന്ന് സെന്റ് സെബാസ്റ്റ്യൻ ഇടവക വിശ്വാസ പരിശീലന ദിനാഘോഷം നടത്തി. 17ന് ഞായറാഴ്ച 5 മണിക്ക് ആഘോഷമായ ദിവ്യബലിയ്ക്ക് അധ്യാപകരും വിദ്യാർത്ഥികളും പങ്കെടുത്തു. 6.30ന് ഇടവക വികാരി ഫാ. ജെയിംസ് വടക്കൂട്ടിന്റെ അദ്ധ്യക്ഷതയിൽ പൊതുസമ്മേളനം ആരംഭിച്ചു. അതിരൂപത വികാരി ജനറാൾ മോൺസിഞ്ഞോർ ഫാ. ജോസ് കോനിക്കര ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ സി. ഷീബ റോസ് സ്വാഗതവും സെക്രട്ടറി ജോൺ എം. ടി. റിപ്പോർട്ടും അവതരിപ്പിച്ചു.

അസി. വികാരി ഫാ. ജിതിൻ നെല്ലങ്കര, പി.ടി.എ. പ്രസിഡന്റ് ബിജു കോട്ടപ്പറമ്പിൽ, ഇടവക ട്രസ്റ്റി ജോർജ്ജ് വലിയവീട്ടിൽ, കുടുംബകൂട്ടായ്മ കേന്ദ്രസമിതി കൺവീനർ ഒ.ഡി. ജോസഫ്, സ്റ്റാഫ് പ്രതിനിധി ജിൻസി ഷാജൻ, സ്കൂൾ ലീഡർ ഫെയ്ന ബേബി എന്നിവർ ആശംസകൾ അർപ്പിച്ചു. ജനറൽ കൺവീനർ എ. ഡി. ഷാജു നന്ദി പറഞ്ഞു.

വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമുള്ള വിവിധ സമ്മാനങ്ങൾ വിതരണം ചെയ്തു. കലാപരിപാടികളും അധ്യാപകർ നടത്തിയ നാടകവും അരങ്ങേറി.

**MARVEL**

Electrical and Plumbing Works

Nellikkunnu, Thrissur

Mob : 9747155743,

Office : 9656120015, 9745243384

- എല്ലാ ഇലക്ട്രിക്കൽ പ്ലംബിംഗ് വർക്കുകൾ ചെയ്തു കൊടുക്കുന്നു.
- ഇന്റീരിയർ വർക്ക്സ്
- പുതിയ വീടുകൾ പണിതു കൊടുക്കുന്നു.
- സിവിൽ മെയിന്റനൻസ് വർക്കുകൾ
- കാർ റെന്റ്, കാർ ഡ്രൈവർ Available





## സൈന്യാധിപന്റെ കത്ത്

വിശ്വാസപരിശീലന അധ്യാപകർ ദിനാഘോഷത്തിൽ അവതരിപ്പിച്ച നാടകം വിശ്വാസം ആഴപ്പെടുത്തുന്ന സന്ദേശമാണ് പകർന്നത്. മണിപ്പൂർ കലാപത്തിൽ മരിച്ചു വീണവർക്ക് സമർപ്പണമായിരുന്നു കലാവിരുന്ന്. 23 പേരാണ് നാടകത്തിൽ വേഷമിട്ടത്. ഒരു സൈന്യാധിപന്റെ കത്ത് എന്ന നാടകത്തിന്റെ രചന നിർവ്വഹിച്ചത് എ. ഡി. ഷാജു മാസ്റ്ററും സംവിധാനം ബ്രദർ സനിൽ മേനാച്ചേരിയുമാണ്. ഇടവക അസി. വികാരി ഫാ. ജിതിൻ നെല്ലങ്കരയാണ് നാടകത്തിന്റെ സംഘാടനം നടത്തിയത്. അധ്യാപകരായ ഒ.ഡി. ജോസഫ്, പോൾസൺ, ജോളി മൈക്കിൾ, സിനോയ് ജോസ്, വിൽഫ്രഡ്, ജോൺ എം. ടി., സുമ പോൾ, നിമ്മി, ജീന, പോൾ, ലിഖിൽ, സനൽ ലാസർ, എ. ഡി. ഷാജു എന്നിവരാണ്. അധ്യാപകരോടൊപ്പം വിദ്യാർത്ഥികളും പങ്കെടുത്തു. ഇടവകയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഒരു നാടകം അരങ്ങിലെത്തുന്നത്. ആനുകാലിക പ്രസക്തമായ വിഷയത്തെ ആസ്പദമാക്കി അവതരിപ്പിച്ച നോടകം ഡയലോഗ് റെക്കോർഡ് ചെയ്തതാണ്. 20 മിനിറ്റ് ദൈർഘ്യം ഉള്ളതായിരുന്നു.



IX,X,XI & XII CLASSES

( ICSE & CBSE)

GROUP & INDIVIDUAL CLASSES

OFFLINE & ONLINE CLASSES

PLUS ONE & PLUS TWO

MATHS,PHYSICS,CHEMISTRY BOTANY & ZOOLOGY

Director...

Prof.JOY.P.M

FORMER HOD,PHYSICS ST.THOMAS COLLEGE,THRISSUR (AUTONOMOUS)

EXCELLENCE CLASSES

Devamatha Tower,St.Thomas College Road,Thrissur

9446143106,8281783346

ഫീച്ചർ

# കഴുതയിൽ നിന്ന് കുതിരയിലേക്ക്



ഏ.ഡി. ഷാജു

"നീ ഒരു കഴുതയാണ്" എന്നും പിതാവിൽ നിന്ന് ചീത്ത കേൾക്കുന്ന മടിയനായ മകന് ജീവിതത്തോട് നിരാശ തോന്നി. ഒരു ദിവസം കൂട്ടുകാരൻ ഒരു കഥ പറഞ്ഞ് കേൾപ്പിച്ചു.

ഒരാൾക്ക് ഒരു കഴുത ഉണ്ടായിരുന്നു. കഴുത വീട്ടുമുറ്റത്തെ ഉപയോഗശൂന്യമാർന്ന കിണറ്റിൽ വീണു. അതിനെ രക്ഷിക്കാതെ അയാൾ ആ കിണർ മൂടാൻ തീരുമാനിച്ചു. ഓരോ ദിവസവും കുറച്ചു മണ്ണിട്ട് മൂടി തുടങ്ങി. അവസാനം കിണർ മൂടി തീർത്തു. അയാൾ പറഞ്ഞു കിണറ്റിൽ വീണ കഴുതയും വെള്ളമില്ലാത്ത കിണറും അങ്ങനെ അവസാനിച്ചു. ആശ്വാസദായകനായി നിൽ ക്കുന്ന സമയത്ത് കഴുത തിരികെ വന്നിരിക്കുന്നു. മണ്ണിട്ടു മൂടിയ ദിവസങ്ങളിൽ അതിലൂടെ കയറിയാണ് ഞാൻ ഉയർന്നു വന്നത്. എന്തിനേറെ പറയുന്നു. അയാൾക്ക് വിഷമമായി. കഥ കേട്ട മകൻ പിതാവിന്റെ ചീത്ത വാക്കുകൾക്ക് പ്രത്യുത്തരമായി പരിശ്രമിക്കാൻ തീരുമാനിച്ചു.

നമ്മുടെ ജീവിതവും അതുപോലെയാണ്. പരാജയങ്ങളും പ്രതിസന്ധികളും ജീവിതത്തിൽ സംഭവിക്കുമ്പോൾ പതറരുത്. ഭയപ്പെടാതെ മുന്നേറാൻ ശ്രമിക്കണം. വെറുത്തുജീവിക്കാതെ മുന്നേറണം. ആശ്രയബോധം, വിനയം, അച്ചടക്കം തുടങ്ങിയ മൂല്യങ്ങളാണ് പ്രധാനമായും ഒരാളെ വിജയപാതയിലേക്ക് നയിക്കുന്ന ഗുണങ്ങൾ. ഒന്നിനെയും അടച്ചു ആക്ഷേപിക്കേണ്ടതില്ല. കൊലകയറിനെ ഊഞ്ഞാലാക്കുവാൻ വൈലോപ്പിള്ളി ശ്രീധരമേനോന്റെ കവിതയിൽ ആഹ്വാനം ചെയ്യുന്നു.

പ്രതികൂല സാഹചര്യങ്ങളെ അനുകൂലമാക്കുന്നവരാണ് വിജയിക്കുന്നവർ. പ്രശ്നങ്ങൾ കടന്നു വരുമ്പോൾ പലപ്പോഴും നമ്മൾ മടിയന്മാരായി മാറും.

എന്തിനെയും നേരിടാനുള്ള കരുത്ത് ആർജ്ജിക്കണം. കാലഘട്ടത്തിന്റെ മാറ്റങ്ങൾ തിരിച്ചറിയണം. എല്ലാം മനസ്സിലാക്കണം. എല്ലാം ഉൾകൊള്ളണം. ഏതവസ്ഥയിലും നേരിടാനുള്ള ധൈര്യം നേടണം.

ഒന്നിനും പ്രതികരിക്കാതെ ഇരിക്കരുത്. ആത്മവിശ്വാസത്തോടെ മുന്നേറാൻ പരിശ്രമിക്കാം.





ചുറ്റുവട്ടം

# എന്റെ രാജ്യം എങ്ങോട്ട് ?



ജോസഫ് ഒ.ഡി.

നമ്മുടെ രാജ്യത്തെ സംബന്ധിച്ച ഏറ്റവും നിർണ്ണായകമായ തീരുമാനങ്ങളെടുക്കുന്നത് അതാതുകാലത്തെ പ്രധാനമന്ത്രിമാരാണ്. രാഷ്ട്രത്തിന്റെയും സമൂഹത്തിന്റെയും ഗതിവിഗതികൾ നിർണ്ണയിക്കുന്നത് അവരെടുക്കുന്ന തീരുമാനങ്ങളാണ്. ഇതൊക്കെ പൊതുവിൽ എല്ലാവർക്കും അറിയാവുന്ന കാര്യങ്ങളാണ്. നല്ല തീരുമാനങ്ങളെടുത്ത മോശം പ്രധാനമന്ത്രിമാരും മോശം തീരുമാനമെടുത്ത നല്ല പ്രധാനമന്ത്രിമാരും നമുക്ക് ഉണ്ടായിട്ടുണ്ട്. ഇതൊക്കെ ഇപ്പോൾ ഇവിടെ പറയുവാനെന്താ കാര്യം എന്ന് ചോദിച്ചാൽ കാര്യമുണ്ടെന്ന് പറയേണ്ടി വരും.

മണിപ്പൂർ ഇപ്പോഴും കത്തുകയാണ്, നാമൊക്കെ കരുതിയത് മണിപ്പൂർ സാധാരണ നിലയിലേക്ക് മടങ്ങുകയാണെന്ന് ! കൊന്നും, കൊല്ലിച്ചുമുള്ള ഈ പോക്ക് എവിടേക്ക് ? എന്ത് കൊണ്ടാണ് കേന്ദ്രസർക്കാർ അവിടെ ഇടപെടാത്തത് ? ഈ ചോദ്യത്തിന് 6 മാസമായി ഉത്തരമില്ല. ലോകത്തെ എല്ലാ വിഷയങ്ങളിലും അഭിപ്രായം പറയുന്ന പ്രധാനമന്ത്രി തന്റെ രാജ്യത്തെ ഒരു സംസ്ഥാനത്ത് ജനങ്ങൾ വംശം തിരിഞ്ഞ് പോരടിക്കുമ്പോൾ എങ്ങനെ ഉത്തരവാദപ്പെട്ട ഒരു ഭരണാധികാരിക്ക് നിസംഗമായി നിൽക്കാൻ കഴിയും ?

രാജ്യത്ത് പുതിയ പാർലമെന്റ് മന്ദിരം ഉദ്ഘാടനം ചെയ്യുകയും ലോകസഭ-രാജ്യസഭാ യോഗങ്ങൾ അവിടെ ആരംഭിക്കുകയും ചെയ്തു. ഇതിനെ ചരിത്രപരം എന്നാണ് ഭരണകൂടം വിശേഷിപ്പിച്ചത്. പുതിയ മന്ദിരത്തിൽ വെച്ച് എം.പി.മാർക്ക് ഭരണഘടനയുടെ ആമുഖം വിതരണം ചെയ്തപ്പോൾ അതിൽ നിന്ന് മതേതരത്വം, സോഷ്യലിസം എന്നീ വാക്കുകൾ അപ്രത്യക്ഷമായി. പുതിയ പാർലമെന്റ് മന്ദിരത്തിന് ശിലാസ്ഥാപനം നടത്തിയപ്പോൾ ഭൂമി പൂജയടക്കം ഹിന്ദു ആചാരവിധികളൊക്കെ അവിടെ നടന്നു. തുടർന്ന് പാർലമെന്റ് മന്ദിരം ഉദ്ഘാടനം ചെയ്തത് വിശ്വകർമ്മ ദിനത്തിലാണ്. ഈ ദിവസം പ്രത്യേ കമായി തെരഞ്ഞെടുക്കുകയായിരുന്നു. ഇതൊക്കെ മതേ

തരത്വത്തിന്റെ കടക്കൽ കത്തിവയ്ക്കൽ തന്നെയാണ്. സെപ്റ്റംബറിൽ ന്യൂഡൽഹിയിൽ നടന്ന ജി–20 ഉച്ചകോടി പോലും മുതലെടുപ്പിനുള്ള അവസരമാക്കി ഭരണകൂടം മാറ്റി. ഒരു പ്രത്യേക മതത്തിന്റെ വിശ്വാസ പ്രതീകങ്ങളും, താമരയും നഗരത്തിൽ നിറഞ്ഞു നിന്നിരുന്നു. ഡൽഹിയിലെ ചേരി പ്രദേശങ്ങൾ വിദേശരാഷ്ട്രപ്രതിനിധികൾ കാണാതിരിക്കാൻ ഫ്ളക്സ് ബോർഡുകളും, നെറ്റുകളും വെച്ച് അടച്ച് കെട്ടി. ഇതാണോ ഇന്ത്യ ലോകശക്തിയായിയെന്ന് അവകാശപ്പെടാൻ ചെയ്യേണ്ടത് ? ഇന്ത്യയെന്ന പേരിന് പകരം ഭാരത് എന്നതിലേക്ക് ചുവടുമാറ്റവും നടന്നു. 2024 ലോകസഭാ തെരഞ്ഞെടുപ്പ് വർഷമാണ് അപ്പോൾ ജനങ്ങളെ എങ്ങനെ പറ്റിക്കാം എന്നതാണ് അടുത്ത ചിന്ത. അതിന്റെ തുടക്കമായി വേണം പാചകവാതക വില സിലിണ്ടറൊന്നിന് 200 രൂപ കുറച്ചത്. എത്രയോ മാസമായി അസംസ്കൃത എണ്ണവില ലോകകമ്പോളത്തിൽ കുറഞ്ഞ് നിന്നപ്പോൾ ഒരു രൂപ പോലും കുറക്കാതെ കൊള്ളലാഭം കൊയ്തവരാണ് ഈ പൊടിയിടൽ ചെയ്തത്. ഇന്ത്യൻ ജനസഞ്ചയം എന്നും എപ്പോഴും ചൂഷണത്തിന് വിധേയരാകാൻ വിധിക്കപ്പെട്ടവരാണ്. സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുമ്പെന്നോ ശേഷമെന്നോ അതിന് വേർതിരിവില്ല. ഇനി സർക്കാരിന്റെ ശ്രദ്ധ അടിയന്തിരമായി തിരിയാൻ പോകുന്ന വിഷയം 2024ൽ രാമക്ഷേത്ര നിർമ്മാണം പൂർത്തീകരിക്കലാണ് ഇതോടെ ഹിന്ദുവോട്ടിലെ ഒരു വലിയ പങ്ക് തട്ടിയെടുക്കാൻ കഴിയുമെന്ന് അവർക്കറിയാം. ഇങ്ങനെ കൃത്യമായ ഒരജണ്ട വെച്ച് ഭരണകൂടം മുന്നോട്ട് പോകുമ്പോൾ സഹിഷ്ണുതയും – സംസ്കാരവും – മതേതരത്വവും ഏത് സമയത്തും കുഴിച്ച് മൂടപ്പെടാം. മണിപ്പൂരിൽ പള്ളികൾ കൂട്ടത്തോടെ തകർക്കപ്പെട്ടപ്പോഴും, നൂറുകണക്കിന് ആളുകൾ അതിദാരുണമായി കൂട്ടക്കൊല ചെയ്യപ്പെട്ടപ്പോഴും, മനുഷ്യർ ഉടുതുണിക്ക് മറുതുണിയില്ലാതെ പിച്ചി ചീന്തപ്പെട്ടപ്പോഴും ഉത്തരവാദപ്പെട്ടവർ നിസ്സംഗരായി നിന്നു. ആ നിസ്സംഗതയുടെ മുമ്പിൽ നാമെല്ലാം പകച്ച് നിന്നുവെന്ന് പറയേണ്ടിവരും. അതിശക്തമായ പ്രതിഷേധം എവിടെയും കണ്ടില്ല. പകരമായി മറ്റൊരു വിഭാഗത്തിന്റെ ആരാധനാലയമാണ് തകർത്തതെങ്കിൽ ഈ രാജ്യത്ത് പൊട്ടിപുറപ്പെടാമായിരുന്ന വർഗ്ഗീയ സംഘർഷം എത്ര കനത്തതായിരുന്നേനെ!

ഒരു വശത്ത് കാര്യങ്ങൾ ഇങ്ങനെയൊക്കെ മുന്നോട്ട് പോകുമ്പോൾ മറുവശത്ത് വൻകിടക്കാരും കോർപ്പറേറ്റുകളും ചേർന്ന് രാജ്യത്തെ കൊള്ളയടിക്കുന്നു. ചെറുകിട ഇടത്തരം കച്ചവട – വ്യവസായ മേഖലകൾ തകർച്ചയുടെ പാതയിലാണ്. സമാനതകളില്ലാത്ത പ്രതിസന്ധിയും വെല്ലുവിളികളും എല്ലാ മേഖലകളിലും പ്രകടമാണ്. നോട്ട് നിരോധനം പോലും ഒരു രാഷ്ട്രീയക്കളിയായിരുന്നു. കള്ളപ്പണം ഇല്ലാതാക്കുമെന്ന പുകമറ സൃഷ്ടിച്ച് പൊതുജനത്തിന് മേൽ ആ തീരുമാനം അടിച്ചേല്പിക്കുകയായിരുന്നു. ഏഴ് വനിതാ ഗുസ്തി താരങ്ങൾ ഒരാൾക്കെതിരെ ബലാൽ ക്കാര കുറ്റം ആരോപിച്ച് പ്രധാനമന്ത്രിക്ക് പരാതി കൊടുത്തിട്ട് ഇവിടെ ഒന്നും തന്നെ സംഭവിച്ചില്ല. ഈ ഗുസ്തി താരങ്ങളുടെ പരാതി 2012 മുതൽ 2022 വരെയുള്ള മൊത്തം കാര്യങ്ങളെപ്പറ്റിയായിരുന്നു. 'ബേടി ബച്ചാവോ, ബേട്ടി പഠാവോ' എന്ന മുദ്രാവാക്യം മുഴക്കുന്ന പ്രധാനമന്ത്രി ഒരു നടപടിയും സ്വീകരിച്ചില്ല. ആരോപണ വിധേയൻ സ്വന്തം പാർട്ടിയുടെ ഉത്തർപ്രദേശിൽ നിന്നുള്ള പാർലമെന്റംഗമാണ്.

ഈ രാജ്യത്തെ പാവങ്ങൾ എന്നും അവഗണിക്കപ്പെടുന്നു. അവരെ തൃപ്തിപ്പെടുത്താൻ വല്ലപ്പോഴും അപ്പകഷ്ണങ്ങൾ വലിച്ചെറിഞ്ഞ് കൊടുക്കും. ആ ചൂണ്ടയിൽ ഭൂരിഭാഗവും കൊത്തുമെന്ന പ്രതീ ക്ഷ ഭരണാധികാരികൾക്ക് ഉണ്ട്. അത് സത്യവുമാണ്. എല്ലാവർക്കും തുല്ല്യത ഉറപ്പ് തരുന്ന ഒരു ഭരണഘടനയുള്ള രാജ്യത്താണ് ഈ വിധം കാര്യങ്ങൾ നടക്കുന്നത്. നാമടക്കമുള്ളവരുടെ അടിത്തറക്ക് ദോഷമാണ് വരാനിരിക്കുന്നത്. ഈസ്റ്ററിനും, ക്രിസ്മസിനും പള്ളികൾ സന്ദർശിക്കുന്നതിൽ ആരും സന്തോഷിക്കണ്ട, അത് രാഷ്ട്രീയ മുതലെടുപ്പാണെന്ന് തിരിച്ചറിയുക.


Mob : 9446526685
8590231210


ROBEL
Tours & Travels
"BEAUTIFUL VIBES ARE WAITING FOR YOU"
Thrissur, Anchery
Amose Corner



വിവാഹം, വിനോദം, തീർത്ഥാടനം എന്നിവയ്ക്ക് സമീപിക്കുക
12 Seat, 17 Seat, 20 Seat, 26 Seat Available

## കളറിങ് മത്സരം 10/2023 (മതബോധന വിദ്യാർത്ഥികൾക്ക്)

ഈ ചിത്രം കളർ ചെയ്ത് ഒക്ടോബർ 15ന് മുമ്പായി സ്നേഹദൂത് ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കുക. ഏറ്റവും മനോഹരമായി കളർ ചെയ്ത ചിത്രത്തിന് സമ്മാനം. പങ്കെടുക്കുന്നവർ ചിത്രത്തിന്റെ എല്ലാ ഭാഗത്തും കളറിങ് നടത്താൻ ശ്രദ്ധിക്കണം.



പേര്.......................................................

യൂണിറ്റ്.......................................................

ക്ലാസ്സ്.......................................................

അഡ്രസ്സ്.......................................................

ഫോൺ.......................................................

## കളറിങ് മത്സരം 9/2023

വിജയി : ഗോഡ്‌വിൻ ഷാജു, VI





## സംഘടനകൾ... പ്രവർത്തനങ്ങൾ...

### എ.കെ.സി.സി. വാർഷിക യോഗവും കുടുംബസംഗമവും

03-09-2023 തീയ്യതി വൈകീട്ട് 6 മണിക്ക് ഗോൾഡൻ ജൂബിലി ഹാളിൽ പ്രസിഡന്റ് ജിപ്സൺ ആന്റണിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ബഹു. വികാരി റവ. ഫാ. ജെയിംസ് പോൾ വടക്കൂട്ട് ഉദ്ഘാടനം നിർവ്വഹിച്ചു. റവ. ഫാ. സാജൻ പിണ്ടിയാൻ അനുഗ്രഹപ്രഭാഷണം നടത്തി. അസി. വികാരി ഫാ. ജിതിൻ നെല്ലങ്കര, ജോർജ്ജ് വലിയവീട്ടിൽ (ട്രസ്റ്റി), രൂപത പ്രവർത്തക സമിതിയംഗം സി. ജെ. ജെയിംസ്, ഫൊറോന പ്രസിഡന്റ് ഷാജൻ വി. ഡി. എന്നിവർ ആശംസകൾ അർപ്പിച്ചു. ജോയ് എം. പി. സ്വാഗതവും, സെക്രട്ടറി ബാബു മേച്ചേരി വാർഷിക റിപ്പോർട്ടും അവതരിപ്പിച്ചു. കൺവീനർ ജെറി ജെയിംസ് നന്ദി രേഖപ്പെടുത്തി. അംഗങ്ങളുടേയും കുടുംബാംഗങ്ങളുടേയും വിവിധ കലാപരിപാടികൾ, അവാർഡ് ദാനം, സ്നേഹവിരുന്ന് എന്നിവയും ആഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ചു.

**ബാബു മേച്ചേരി** (സെക്രട്ടറി)

### കെ.എൽ.എം. സംഘടന 66-ാം വാർഷികവും കുടുംബസംഗമവും

2023 ഓഗസ്റ്റ് 27-ാം തിയ്യതി ഞായറാഴ്ച വൈകീട്ട് 6 മണിക്ക് പള്ളിയുടെ ബെയ്സ്മെന്റ് ഹാളിൽ കുടുംബാംഗങ്ങളോടൊത്ത് പ്രസിഡന്റ് ശ്രീ. റോൾഡൻ സി. വി. യുടെ അദ്ധ്യക്ഷതയിൽ യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജെയിംസ് വടക്കൂട്ട്, സി. ബി.സി.ഐ. ലേബർ കമ്മീഷൻ സെക്രട്ടറി റവ. ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലായിൽ, രൂപത ഡയറക്ടർ റവ. ഫാ. പോൾ മാളിയമ്മാവ്, ഫൊറോന ഡയറക്ടർ റവ. ഫാ. പോൾ പിണ്ടിയാൻ, അസി. ഡയറക്ടർ റവ. ഫാ. ജിതിൻ നെല്ലങ്കര എന്നീ വൈദികരുടെ സാന്നിദ്ധ്യത്തിലും പ്രാർത്ഥനയോടെ സമ്മേളനം ആരംഭിച്ചു. മരണപ്പെട്ട സംഘടന അംഗങ്ങളെ അനുസ്മരിക്കുകയും ശ്രീ. ജോയ് സി. വി. ബൈബിൾ വായിക്കുകയും, സെക്രട്ടറി ശ്രീ. റോയ് സി. പി. റിപ്പോർട്ട് വായിക്കുകയും ട്രഷറർ ശ്രീ. പി. ടി. ഫ്രാൻസീസ് കണക്ക് വായിക്കുകയും അദ്ധ്യക്ഷൻ പാസ്സാക്കു

കയും ചെയ്തു. ജോ. സെക്രട്ടറി ഇ. വി. ജോണി സ്വാഗതം പറയുകയും പിന്നീട് റോൾഡാൻ സി. വി. പ്രസിഡന്റ് അദ്ധ്യക്ഷപ്രസംഗം നടത്തുകയും, ശേഷം ലേബർ കമ്മീഷൻ സെക്രട്ടറി ബഹു. റവ. ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലായിൽ സന്ദേശം നൽകുകയും ചെയ്തു. അതിനുശേഷം യൂണിറ്റ് ഡയറക്ടർ ബഹു. റവ. ഫാ. ജെയിംസ് വടക്കൂട്ട് സമ്മേളനം ഉദ്ഘാടനം ചെയ്യുകയും, രൂപത ഡയറക്ടർ ബഹു. റവ. ഫാ. പോൾ മാളിയമ്മാവ് മുഖ്യപ്രഭാഷണം നടത്തുകയും, ഫൊറോന ഡയറക്ടർ ബഹു. ജോസ് കുന്നംപ്പിള്ളി സെക്രട്ടറി തോമസ് നെല്ലിശ്ശേരി, ഫാ. ജിതിൻ നെല്ലങ്കര, കൈക്കാരൻ ശ്രീ. ജോർജ്ജ് വലിയവീട്ടിൽ ആശംസകൾ അർപ്പിക്കുകയും ചെയ്തു.

ശേഷം സംഘടനയിലെ സീനിയേഴ്സിനെ പൊന്നാട അണിയിച്ച് ആദരിക്കുകയും, മീറ്റിംഗുകളിൽ മുടക്കം ഇല്ലാതെ വന്നവരെ ആശംസിക്കുകയും ചെയ്തു. കുഞ്ഞുമക്കളുടെ കലാപരിപാടികളും, മുതിർന്നവരുടെ ഗാനാലാപനങ്ങളും ഉണ്ടായിരുന്നു. പിന്നീട് ശ്രീ. ജോയ് സി. വി. സമ്മേളനത്തെ നന്ദി പറയുകയും ശേഷം സ്നേഹവിരുന്നും ഉണ്ടായിരുന്നു. 9 മണിക്ക് സമ്മേളനം അവസാനിക്കുകയും ചെയ്തു.

## ആവേ മരിയ യൂണിറ്റിന്റെയും, മരിയൻ സ്റ്റാഴ്സ് സി. സി.സി.യുടെയും സംയുക്ത വാർഷികം ആഘോഷിച്ചു

ആവേ മരിയ യൂണിറ്റിന്റെയും, മരിയൻ സ്റ്റാഴ്സ് സി.സി.സി.യുടെയും സംയുക്ത വാർഷിക സെപ്റ്റംബർ 10-ാം തിയ്യതി പൗർണ്ണമി അപ്പാർട്ട്മെന്റിന്റെ ബേസ്മെന്റിൽ വച്ച് വൈകീട്ട് 5.30ന് ജപമാലയോടുകൂടി ആരംഭിച്ചു. മരണം മൂലം വേർപിരിഞ്ഞ് പോയവർക്ക് യോഗം അനുശോചനം രേഖപ്പെടുത്തി. പ്രസിഡന്റ് ലിന്റോ പുതുശ്ശേരി യോഗത്തിലേക്ക് വന്ന എല്ലാവർക്കും സ്വാഗതം പറഞ്ഞു. അസി. വികാരി ഫാ. ജിതിൻ നെല്ലങ്കര വിളക്ക് തെളിയിച്ച് യോഗം ഉദ്ഘാടനം ചെയ്തു. സെക്രട്ടറി ബോബി ജോസ് മൂക്കൻ വാർഷിക റിപ്പോർട്ട് വായിച്ചു. ട്രഷറർ ഷൈനി ഷാജു വരവ് - ചിലവ് കണക്ക് അവതരിപ്പിച്ചു. ആനിമേറ്റേഴ്സ് സി. ഷാലറ്റ്, സി. സബിത റോസ്, നടത്തുകൈക്കാരൻ ശ്രീ. വർഗ്ഗീസ് വാകയിൽ, കുടുംബകൂട്ടായ്മ കേന്ദ്രസമിതി കൺവീ





നർ ഒ. ഡി. ജോസഫ് എന്നിവർ ആശംസകൾ അർപ്പിച്ചു.

യൂണിറ്റിലെ 25-ാം വിവാഹ വാർഷികം ആഘോഷിച്ചവരെയും, കുടുംബസമ്മേളനത്തിനും, സി.സി.സി. മീറ്റിംഗിലും മുടങ്ങാതെ വന്നവർക്കും, വാർഷികത്തോടനുബന്ധിച്ച് നടത്തിയ കായിക മത്സരങ്ങളിലെ വിജയികൾക്കും, കലാപരിപാടികളിൽ പങ്കെടുത്തവർക്കും സമ്മാനങ്ങൾ നൽകി ആദരിച്ചു. അതുപോലെ വാർഷിക യോഗത്തിൽ പങ്കെടുത്തവരിൽ നിന്നും നറുക്കെടുത്ത് ഒരാൾക്ക് സർപ്രൈസ് ഗിഫ്റ്റ് നൽകി. കുട്ടികളുടെയും, മുതിർന്നവരുടെയും കലാപരിപാടികൾക്കു ശേഷം ജോ. സെക്രട്ടറി ലിജി വിന്റോണി നന്ദി പറഞ്ഞു. ദേശീയ ഗാനത്തിനു ശേഷം ചെറിയ സ്നേഹവിരുന്നോടുകൂടി വാർഷിക യോഗം സമാപിച്ചു.

## സെ. മദർ തെരേസ യൂണിറ്റ് വാർഷികം

സെ. മദർ തെരേസ കുടുംബകൂട്ടായ്മയുടെ വാർഷികം സെപ്റ്റംബർ 10-ാം തിയ്യതി വൈകീട്ട് 6 മണിക്ക് പള്ളിയുടെ ബേസ്മെന്റ് ഹാളിൽ വച്ച് ആഘോഷിച്ചു.

ശ്രീ. ജോൺസൺ ആലപ്പാടൻ സ്വാഗതവും, ജോ. സെക്രട്ടറി ശ്രീമതി ബീന ജോയ് വാർഷിക റിപ്പോർട്ടും, ട്രഷറർ ശ്രീ. ജിതിൻ ഷാജു വാർഷിക കണക്കും അവതരിപ്പിച്ചു. പ്രസിഡന്റ് ശ്രീ. വിത്സൻ മുക്കുങ്കലിന്റെ അദ്ധ്യക്ഷതയിൽ അസി. വികാരി റവ. ഫാ. ജിതിൻ നെല്ലങ്കര സന്ദേശം നൽകി ഉദ്ഘാടനം നിർവ്വഹിച്ചു. റവ. സി. ഗ്ലാഡി മരിയ, റവ. സി. ശാന്തി റോസ്, കുടുംബകൂട്ടായ്മ കേന്ദ്രസമിതി സെക്രട്ടറി ശ്രീ. ഒ. ഡി. ജോസഫ്, കൈക്കാരൻ ശ്രീ. വർഗ്ഗീസ് വാകയിൽ, സെ. ജോൺ, ഏവുപ്രാസ്യമ്മ യൂണിറ്റ് പ്രസിഡന്റുമാർ എന്നിവർ ആശംസകൾ നേർന്നു.

യൂണിറ്റിൽ പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കിയവർക്കും, വിവാഹത്തിന്റെ 25-ാം വാർഷികം ആഘോഷിച്ചവർക്കും, ആദ്യകുർബ്ബാന സ്വീകരണം നടത്തിയവർക്കും സമ്മാനങ്ങൾ നൽകി ആദരിച്ചു. യൂണിറ്റംഗങ്ങളുടെയും കുട്ടികളുടെയും കലാപരിപാടികളും ഉണ്ടായിരുന്നു. യോഗത്തിൽ ശ്രീ. മരോട്ടിക്കൽ ഫ്രാൻസീസ് നന്ദി പറഞ്ഞു. ശേഷം സ്നേഹവിരുന്നോടെ യോഗം സമാപിച്ചു.

ചിന്താസരണി

# പുതിയ തലമുറയും ചിന്തകളും - 2



ഡോ. കെ. ജെ. കുഞ്ഞിപ്പാലു
അഡ്വക്കേറ്റ്

കുറ്റപ്പെടുത്താനും നിന്ദിക്കാനും എളുപ്പമാണ്. കെട്ടിപ്പടുക്കുവാനും, നിർമ്മിക്കാനുമാണ് വിഷമം. ചെളി വാരി എറിയരുത്. ചെളി വാരി എറിഞ്ഞാൽ ലക്ഷ്യത്തിൽ കൊള്ളുകയില്ലെന്ന് മാത്രമല്ല; കൈനിറയെ ചേറാകും. ഈ തലമുറ എങ്ങിനെ ചിന്തിക്കുന്നു ?

കുടുംബത്തിനപ്പുറം, സമൂഹചിന്തകൾക്കപ്പുറം, സാധാരണ സാമ്പത്തിക ലക്ഷ്യങ്ങൾക്കപ്പുറം, സാധാരണ സുഖജീവിതത്തിനപ്പുറം ഈ തലമുറ ഇന്ന് അപ്പുറം കടന്നിരിക്കുന്നു. ഇവർ രാജ്യം വിട്ടുകൊണ്ടിരിക്കുന്നു. കുടുംബകൂട്ടായ്മയിൽ നിന്ന് മാറി ഏകാന്ത, സ്വന്തമായ ജീവിതം, ഒറ്റയ്ക്കിരിക്കുമ്പോഴുള്ള സുഖം, മാറി താമസിക്കുന്നതിനായുള്ള വാഞ്ച ഈ തലമുറ നേടിക്കഴിഞ്ഞിരിക്കുന്നു. ആരുടെയും സഹായമില്ലാതെ ഒറ്റക്ക് ലോകത്തിന്റെ നാലതിരുകളിലും എത്തിചേരുന്ന പെൺകുട്ടികൾ.

ഇതിനെല്ലാം ഉത്തരവാദികൾ നാല് കൂട്ടരാണ്. ഭരണാധികാരികൾ, മതനേതാക്കൾ, അധ്യാപകർ, മാതാപിതാക്കൾ. മാറുന്ന ലോകത്തിന്റെ മണം മനസ്സിലാക്കി ഈ തലമുറയെ പുതിയ ലോകത്തിന്റെ പുതിയ വഴികളിൽ അച്ചടക്കത്തിന്റെ ലൈറ്റിടാൻ പറ്റാതെ പോയി. പുതിയ തലമുറയെ "നിരപ്പാക്കാൻ" "paralysis by analysis", മാത്രം, ചർച്ച ചെയ്തും, മീറ്റിംഗുകൾ കൂടിയും വയ്യാതായ പഴയ തലമുറ. കുറെകാലം ജീവിച്ചു എന്നത് നടന്ന വഴികളിലെ കറുത്തപാടായി പുതിയ തലമുറ കാണുന്നു. ചർച്ചകൾ ചെയ്ത് ഇക്കൂട്ടർക്ക് വയ്യാതായിരിക്കുന്നു.

ഒരാൾ ചെയ്യാത്ത കാര്യം വികാരങ്ങൾ ഉണ്ടാക്കി പോസിറ്റീവ് ചിന്ത കൊടുക്കുന്നത് മോട്ടിവേഷൻ. നിർണ്ണായക നിമിഷത്തിൽ അതില്ലാതായി മാറും. ചുറ്റുപാടുകൾ നമ്മെ വീണ്ടും പഴയതുപോലെയാക്കും. ജീവിതത്തിൽ എങ്ങിനെ വിജയിക്കാം? പ്രശ്നങ്ങളെ നേരിടാം? നല്ല സുഹൃത്തുക്കളെ ഉണ്ടാക്കി എങ്ങിനെ ജീവി






തം സഫലമാക്കാം? എന്നൊക്കെ പല പുസ്തകങ്ങൾ എഴുതിയ ഒരു വ്യക്തി ആത്മഹത്യ ചെയ്തു !!!

ഒരാൾ ചെയ്ത് വിജയിച്ച് നേടിയ കാര്യങ്ങൾ മറ്റുള്ളവർക്ക് പറഞ്ഞുകൊടുത്ത് പവ്വർ ചിന്ത കുത്തിവയ്ക്കുന്നതാണ് ഇൻസ്പിരേഷൻ. നാം ഇൻസ്പയർ ചെയ്യുന്ന വ്യക്തികളെ കണ്ടുപഠിക്കേണ്ടിയിരിക്കുന്നു. അബ്ദുൾ കലാമിന്റെ വാചകങ്ങൾ നാം കൊണ്ടുനടക്കുന്നത് വിമാനം ഓടിക്കാൻ പഠിക്കണമെന്ന് വിചാരിച്ച വ്യക്തി ഇന്ത്യയുടെ പൈലറ്റായതുകൊണ്ടാണ്.

വൈകിയ വസന്തം പ്രകൃതിയുടെ ശാപം. വൈകിയ അറിവ് മനുഷ്യന്റെ ശാപം. ഉത്തരവാദിത്വമില്ലാത്തവർ ലോകത്തിന്റെ ശാപം.



**വി. മറിയം ത്രേസ്യയോടുള്ള ഉപകാരസ്മരണ**

സർവ്വ നന്മ സ്വരൂപിയായ ത്രിതൈക ദൈവമേ,അങ്ങേ നേരെയുള്ള സ്നേഹത്താൽ കത്തിജ്വലിക്കുകയും സുവിശേഷോപദേശങ്ങളെ സ്വന്തം ജീവിതനിയമമായി സ്വീകരിച്ച് അഗതികൾക്കും ആർത്തർക്കും അത്താണി യാകുകയും കുടുംബങ്ങളെ ക്രൈസ്തവ ചൈതന്യത്താൽ നിറക്കുവാൻ ജീവിതം സമർപ്പിക്കുകയും ചെയ്ത അങ്ങേ വിശ്വസ്ത ദാസിയായ വാഴ്ത്തപ്പെട്ട മറിയം ത്രേസ്യ വിശുദ്ധയായി തിരുസഭയിൽ വണങ്ങപ്പെടുവാൻ കൃപചെയ്യണമേ. പരിശുദ്ധ കന്യകമറിയമേ,വിശുദ്ധ യൌസേപ്പ് പിതാവേ, വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയുടെ മാദ്ധ്യസ്ഥം വഴി ഞങ്ങൾ അപേക്ഷിക്കുന്ന ഈ പ്രത്യേക അനുഗ്രഹം ഈശോയിൽ നിന്നും ഞങ്ങൾക്ക് ലഭിച്ച് തരണമെ. ആമ്മേൻ . 1 സ്വർഗ, 1 നന്മ ,1 ത്രിത്വ

- ഷാന്റി ലോറൻസ്


## മുട്ട് മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ ഇനി വേണ്ട!!

**നടുവേദന, മുട്ട് വേദന, കഴുത്ത് വേദന എന്നിവയ്ക്ക് X-Ray, MRI എന്നിവ പരിശോധിച്ച് ശാസ്ത്രീയമായി ചികിത്സിക്കുന്നു.**

**ബുക്കിംഗ് : 9895711726, 9961258199, 7012142804**

**മരിയൻ ആയുർവ്വേദ പഞ്ചകർമ്മ ചികിത്സ ക്ലിനിക്ക്**

ബുക്കിംഗ്: 9895711726, 7012142804; **6 am to 9 pm**

ജീസസ് ലെയിൻ, നെല്ലിക്കുന്ന് / പ്രിയദർശിനി നഗർ, പറവട്ടാനി

# ബൈബിൾ ക്വിസ് 10/2023

## മതബോധന വിദ്യാർത്ഥികൾക്ക് (ലൂക്കാ 21–24 അധ്യായങ്ങൾ)

1. പീഢനത്തിലും ഉറച്ചുനിൽക്കുന്നതിലൂടെ എന്തു നേടുമെന്നാണ് യേശു പറയുന്നത് ?
2. പെസഹാ ഭക്ഷിക്കാൻ ഒരുക്കങ്ങൾ ചെയ്യേണ്ടതിന് യേശു ആരെയെല്ലാമാണ് അയച്ചത് ?
3. എന്തുമൂലം മനസ്സ് ദുർബലമാകാതിരിക്കാനും ആ ദിവസം ഒരു കെണി പോലെ പെട്ടെന്ന് നിങ്ങളുടെ മേൽ വന്നു വീഴാതിരിക്കാനും ശ്രദ്ധിക്കുവിൻ എന്നാണ് യേശു ഓർമ്മപ്പെടുത്തുന്നത് ?
4. ഒലിവുമലയിൽ യേശു ശിഷ്യരോട് പറഞ്ഞതെന്ത് ?
5. യേശു എവിടെ വച്ചാണ് സ്വർഗ്ഗത്തിലേക്ക് സംവഹിക്കപ്പെട്ടത് ?
6. തന്നെ തള്ളിപറഞ്ഞ പത്രോസിനെ കർത്താവ് തിരിഞ്ഞുനോക്കിയപ്പോൾ അവൻ എന്തു ചെയ്തു ?
7. ഹേറോദോസ് പടയാളികളോട് ചേർന്ന് യേശുവിനോട് എന്താണ് ചെയ്തത്?
8. കുരിശിൽ തറക്കപ്പെട്ട യേശുവിന്റെ തലക്കുമീതെ എഴുതിയ ലിഖിതം എന്തായിരുന്നു ?
9. യേശു ഉയിർപ്പിക്കപ്പെട്ട വിവരം അപ്പസ്തോലന്മാരോട് പറഞ്ഞത് ആരാണ്?
10. അത്തിമരവും മറ്റു മരങ്ങളും തളിർക്കുമ്പോൾ വേനൽക്കാലം അടുത്തിരിക്കുന്നു എന്നു അറിയുന്നത് പോലെ അടയാളങ്ങൾ കാണുമ്പോൾ എന്തു മനസ്സിലാക്കണമെന്നാണ് യേശു പഠിപ്പിച്ചത് ?

**ഉത്തരങ്ങളിൽ അദ്ധ്യായവും വാക്യവും ചേർക്കേണ്ടതാണ്.**
ഉത്തരങ്ങൾക്ക് മുകളിൽ ക്വിസ് നമ്പർ ചേർത്ത് ഈ മാസം 15ന് മുമ്പ് ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കുക, പേരിനൊപ്പം പഠിക്കുന്ന ക്ലാസ് എഴുതേണ്ടതാണ്.

**ഉത്തരങ്ങൾ 9/2023**

1. എതിരാളിക്കെതിരെ (ലൂക്കാ. 18:3), 2. ജറുസലെമിലേക്കുള്ള (ലൂക്കാ. 17:11), 3. സ്വർഗ്ഗത്തിൽ നിന്നും തീയും, ഗന്ധകവും പെയ്ത അവരെയെല്ലാം നശിപ്പിച്ചു. (ലൂക്കാ. 17:29), 4. ജറീക്കോ (ലൂക്കാ. 19:1), 5. നഷ്ടപ്പെട്ടുപോയതിനെ കണ്ടെത്തി രക്ഷിക്കാനാണ് (ലൂക്കാ. 19:10), 6. ഭൃത്യന്മാരിൽ പത്തുപേരെ വിളിച്ച് (ലൂക്കാ. 19:13), 7. യോഹന്നാന്റെ ജ്ഞാനസ്നാനം സ്വർഗ്ഗത്തിൽ നിന്നോ മനുഷ്യരിൽ നിന്നോ (ലൂക്കാ. 20:4), 8. സീസറിന്റേത് (ലൂക്കാ. 20:24), 9. സദുക്കായർ (ലൂക്കാ. 20:27), 10. ഒലിവുമലയ്ക്കരികെയുള്ള ബെത്ഫഗെ, ബഥാനിയാ എന്നീ സ്ഥലങ്ങളുടെ എതിരെ കാണുന്ന ഗ്രാമത്തിലേക്ക് (ലൂക്കാ. 19:29).





# ക്വിസ്

നമ്പ്ര് : 10/2023

താഴെകാണുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതി
ഈ മാസം 15നു മുമ്പ് ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കുക.
തിരഞ്ഞെടുക്കപ്പെടുന്ന ഒരാൾക്ക് സമ്മാനം നൽകുന്നു.

*ചോദ്യങ്ങൾ : (കഴിഞ്ഞ ലക്കം സ്നേഹദൂതിൽ നിന്ന്)*

1. പ. അമ്മയുടെ സ്വർഗ്ഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപിച്ചത് ആരാണ് ?
2. ബൈബിളിന്റെ ലാറ്റിൻ പരിഭാഷയുടെ പേര് ?
3. 'നിങ്ങളുടെ ജോലി എന്തു തന്നെയായിരുന്നാലും മനുഷ്യനെയല്ല, ദൈവത്തെ സേവിക്കുന്നതുപോലെ ഹൃദയപരമാർത്ഥതയോടെ ചെയ്യുവിൻ'. ബൈബിളിലെ അധ്യായവും വാക്യവും എഴുതുക ?
4. കുരിശിന്റെ രക്ഷാകരമായ ശാന്തിയും മഹത്വവും സഭ അറിയുന്നത് ഏത് ചക്രവർത്തിയിലൂടെയാണ് ?
5. വി. ബൈബിളിലെ പ്രധാന പ്രവാചകന്മാർ ആയി അറിയപ്പെടുന്നത് ആരെല്ലാമാണ് ?

| *ക്വിസ് 9/2023 ഉത്തരങ്ങൾ* | *വിജയി* |
|---|---|
| 1. ആഗസ്റ്റ് 29<br>2. വി. ലോറൻസ് (രക്തസാക്ഷി)<br>3. ദൈവം നൽകുന്ന സ്വാതന്ത്ര്യമാണ് പരിപൂർണ്ണമായ സ്വാതന്ത്ര്യം<br>4. ജറെമിയാ<br>5. "ഇക്കാഹ്" | **ആൻ മേരി ജോർജ്ജ്**<br>St. Joseph Unit |

## ജൂബിലി മിഷൻ മെഡിക്കൽസ് തിരിച്ചറിയൽ മത്സരം 10/2023

സമ്മാനം സ്പോൺസർ ചെയ്യുന്നത് :
**ജൂബിലി മിഷൻ മെഡിക്കൽസ്, മിഷ്യനാശുപത്രിക്കു മുൻവശം, തൃശ്ശൂർ, ഫോൺ : 9496214911**

ആളെ തിരിച്ചറിയൂ... സമ്മാനം നേടൂ... ബോക്സിൽ കൊടുത്തിട്ടുള്ള ചിത്രത്തിൽ നിന്ന് യഥാർഥ വ്യക്തിയുടെ പേര് വൈറ്റ് പേപ്പറിൽ എഴുതി ഈ മാസം 15ന് മുമ്പ് ബുള്ളറ്റിൻ ബോക്സിലിടുക.



**തിരിച്ചറിയൽ മത്സരം – 9/2023**
**ഉത്തരം : നീരജ് ചോപ്ര**
**വിജയി**
**ടോനിനോ പി.ഡി.**
**സെന്റ് ജോർജ്ജ് യൂണിറ്റ്**





# യുണൈറ്റഡ് ഡ്രൈവിങ്ങ് സ്കൂൾ

Reg. No. L1/2/2001/R

പനമ്പിള്ളി ബിൽഡിങ്ങ്, വളർക്കാവ്, തൃശൂർ - 6 Mob : 9562483260

Off : 0487 - 2428290,

Joseph Mathew, Mob : 9447442286

NB : ഞായറാഴ്ചകളിൽ സ്പെഷ്യൽ ബാച്ച് ആരംഭിച്ചിരിക്കുന്നു.

സ്ത്രീകളെ സ്ത്രീകൾ തന്നെ പഠിപ്പിക്കുന്നു.



# ബ്യൂ - ഐഡൽ

ബ്യൂട്ടിപാർലർ

3000 രൂപ മുതൽ ബ്രൈഡൽ മെയ്ക്ക് അപ്പ് കല്ല്യാണവർക്കുകൾ ചെയ്തുകൊടുക്കുന്നതാണ്.

ഗാന്ധിഗ്രാമം റോഡ്,
ഹൗസ് നമ്പർ : 16, വളർക്കാവ്
ഫോൺ : 7736184901
ബിന്ദു ജോസഫ് : 9656338007

# സുധർമ്മ

മെട്രോപൊളിസ് ലബോറട്ടറി

കിഴക്കേ കോട്ട ഷോപ്പിംഗ് കോംപ്ലക്സ്,
കിഴക്കേ കോട്ട ജംഗ്ഷൻ

7902474474, 9895359097, 9744110888

SUDHARMA METROPOLIS The Pathology Specialist



വീട്ടിൽ വന്ന് സാംപിൾ എടുക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്

LAB TIMING Monday - Saturday 7 AM - 5 PM






## കുടുംബകൂട്ടായ്മ - വചനവായന, സമയങ്ങൾ

വചനത്തിന്റെ ചുരുളിൽ ജീവിതത്തിന്റെ പൊരുളുണ്ട്. ഈ പൊരുൾ കുടുംബസമ്മേളനത്തിൽ കണ്ടെത്താൻ നമുക്ക് പരിശ്രമിക്കാം.

| | | | |
|---|---|---|---|
| **ഒന്നാം ഞായർ 01 – 10 – 2023** | | | |
| 1. | സെ. എവുപ്രാസ്യമ്മ | 2.30 pm | വേഴപറമ്പിൽ അന്തോണി ബാബു |
| 2. | സെ. മദർ തെരേസ | 3.15 pm | തട്ടിൽ മാപ്രാണത്തുക്കാരൻ കൊച്ചപ്പൻ റോയ് |
| 3. | സെ. ജോൺ | 4.00 pm | അറയ്ക്കൽ ആന്റണി ഓമന, കെയ്ക്കോ റോഡ് |
| 4. | സെ. തോമസ് | 2.30 pm | ചീരൻ പിയൂസ് പ്രിമൽ, ഗാന്ധി ഗ്രാമം |
| 5. | ലിറ്റിൽ ഫ്ളവർ | 3.15 pm | തരകൻ ജോൺ ജോർജ്ജ്, ജനതാ റോഡ് |
| 6. | സെ. വിൻസെന്റ് ഡി പോൾ | 4.00 pm | ഡേവിസ് അറയ്ക്കൽ, തോട്ടത്തി അങ്ങാടി |
| **രണ്ടാം ഞായർ 08 – 10 – 2023** | | | |
| 7. | സെ. ജെയിംസ് | 2.30 pm | പല്ലൻ പൈലോത് രാജൻ, പള്ളിയങ്ങാടി |
| 8. | വിമലനാഥ | 3.15 pm | ചിരിയങ്കണ്ടത്ത് ഷാജു ഭാര്യ ടിസ, ജോയ്സ് ഗാർഡൻ |
| 9. | ഗുഡ്ഷെപ്പേർഡ് | 4.00 pm | |
| 10. | സെ. മേരീസ് | 2.30 pm | മാളിയേക്കൽ പോൾ തോബിയാസ് |
| 11. | സെ. ജോസഫ് | 3.15 pm | ചുങ്കത്ത് ദേവസ്സി കുര്യാക്കോസ് |
| 12. | സെ. സെബാസ്റ്റ്യൻ | 4.00 pm | |
| **മൂന്നാം ഞായർ 15 – 10 – 2023** | | | |
| 13. | സെ. ക്ലാര | 2.30 pm | മാളിയേക്കൽ ഡേവിസ് ജെറി |
| 14. | സെ. പോൾ | 3.15 pm | തൈവളപ്പിൽ ഡേവീസ്, ഇ.എം.എസ്. റോഡ്, വളർക്കാവ് |
| 15. | സെ. ഫ്രാൻസിസ് | 4.00 pm | കാട്ടൂക്കാരൻ ഫ്രാൻസീസ് അൽഫോൻസ |
| 16. | സെക്രഡ് ഹാർട്ട് | 2.30 pm | നെടുമ്പാക്കാരൻ റാഫേൽ ജിൻസൻ. ആമോസ് കോർണർ |
| 17. | സെ. സേവ്യർ | 3.15 pm | പഞ്ഞിക്കാരൻ തോമാസ് ഭാര്യ എൽസി |
| 18. | സെ. ആന്റണീസ് | 4.00 pm | ഊക്കൻ ലൂയിസ്, ഹൗസ് നം. 13 എ, സ്കൈലൈൻ |
| **നാലാം ഞായർ 22 – 10 – 2023** | | | |
| 19. | സെ. ജോർജ് | 2.00 pm | കല്ലിങ്കൽ ജോർജ്ജ്, മെയിൻ റോഡ് |
| 20. | സെ. റാഫേൽ | 2.45 pm | കൊരട്ടിക്കാരൻ ജോജോ, ദിൻഹാ റോഡ് |
| 21. | സെ. ജൂഡ് | 3.30 pm | തെക്കേക്കര മാണി, നസ്രത്ത് അങ്ങാടി, മെയിൻ റോഡ് |
| 22. | ആവേ മരിയ | 4.15 pm | കുരുതുകുളങ്ങര ഡേവിസ്, നസ്രത്ത് അങ്ങാടി |
| 23. | ഡോൺബോസ്ക്കോ | 2.00 pm | പുളിക്കൻ മൂലംകുളം വർഗ്ഗീസ് പോൾ |
| 24. | മേരിമാത | 2.45 pm | |
| 25. | ലൂർദ് മാത | 3.30 pm | ഇമ്മട്ടി കുര്യൻ ബെന്നി, ഗിൽഗാൽ സെക്കന്റ് സ്ട്രീറ്റ് |
| 26. | ഹോളി ഫാമിലി | 4.15 pm | കടവി ആന്റണി |


## ഓർമദിനങ്ങൾ | ഒക്ടോബർ 2023

| | | |
|---|---|---|
| 01 ഞായർ | – | വി. കൊച്ചുത്രേസ്യ |
| 02 തിങ്കൾ | – | കാവൽമാലാഖ |
| 04 ബുധൻ | – | വി. ഫ്രാൻസിസ് അസ്സീസി |
| 14 ശനി | – | ആവിലായിലെ വി. ത്രേസ്യ |
| 16 തിങ്കൾ | – | വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ |
| 17 ചൊവ്വ | – | അന്ത്യോകൃയിലെ വി. ഇഗ്നേഷ്യസ് |
| 18 ബുധൻ | – | വി. ലൂക്കാ സുവിശേഷകൻ |
| 22 ഞായർ | – | മിഷൻ ഞായർ |
| 28 ശനി | – | ശിമയോൻ, യൂദാ തദേവൂസ് ശ്ലീഹന്മാർ |

### കിഡ്സ് കോർണർ



Aiva Joe Maliakkel, IV A




Annviya Prince, V A

ഇടവകയിലെ വേദപാഠം വിദ്യാർത്ഥികളിൽ നിന്നും കഥ, കവിത, ചിത്രരചന എന്നിവ ക്ഷണിക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്നവ പ്രസിദ്ധീകരിക്കുന്നതാണ്.

## പള്ളി വൃത്തിയാക്കേണ്ട യൂണിറ്റുകൾ

| | | | |
|---|---|---|---|
| ഒക്ടോബർ | 7 ശനി– | സെ. ജോർജ്ജ് | യൂണിറ്റ് |
| | 14 ശനി– | സേക്രഡ് ഹാർട്ട് | ” |
| | 21 ശനി– | സെ. റാഫേൽ | ” |
| | 28 ശനി– | ഹോളി ഫാമിലി | ” |
| നവംബർ | 04 ശനി– | ലൂർദ്ദ്മാത | ” |





# പ്രതിനിധിയോഗ തീരുമാനങ്ങൾ

## സെപ്റ്റംബർ

2023 സെപ്റ്റംബർ 10–ാം തീയതി രാവിലെ 7.30ന്റെ വി. കുർബാനയ്ക്കു ശേഷം ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ പ്രതിനിധിയോഗം കൂടുകയുണ്ടായി. യോഗത്തിൽ 42 അംഗങ്ങൾ പങ്കെടുത്തു.

1. പ്രാർത്ഥനയോടുകൂടി ആരംഭിച്ച പ്രതിനിധി യോഗത്തിൽ നടത്തുകൈക്കാരൻ ശ്രീ. ജോർജ് വലിയവീട്ടിൽ സ്വാഗതം പറഞ്ഞു.
2. 2023 ഓഗസ്റ്റ് മാസത്തിലെ റിപ്പോർട്ട്, വരവ് ചിലവ് കണക്ക്, പൂവ്വർ ഫണ്ട് അക്കൗണ്ട് ഓഡിറ്റ് റിപ്പോർട്ട് എന്നിവ വായിച്ച് പാസാക്കി.
3. പള്ളിയുടെ 2022–23 വർഷത്തെ വാർഷിക തെരട്ട് പള്ളി ഓഫീസ് മാനേജർ ശ്രീ. ജേക്കബ് കാഞ്ഞൂക്കാരൻ അവതരിപ്പിക്കുകയും യോഗം പാസ്സാക്കുകയും ചെയ്തു.
4. ഇടവകയുടെ ജീവകാരുണ്യ പ്രസ്ഥാനമായ സാന്ത്വനം മുഖേന ഓഗസ്റ്റ് മാസത്തിൽ 60,500/– രൂപയുടെ കാരുണ്യ പ്രവർത്തികൾ നടത്തിയതായി കൺവീനർ ശ്രീ. ഒ.ഡി. ജോസഫ് യോഗത്തെ അറിയിച്ചു.
5. സെപ്റ്റംബർ 21 ന് Feast (നാമഹേതുകതിരുനാൾ) ആഘോഷിക്കുന്ന കൊച്ചച്ചൻ ഫാ.ജിതിൻ നെല്ലങ്കരക്ക് വികാരിയച്ചൻ ബൊക്കെ നൽകി യോഗത്തിന്റെ ആശംസകളറിയിച്ചു.
6. അതിരൂപതയിലേക്ക് അയക്കുവാനുള്ള 2023–24 വർഷത്തേക്കുള്ള 8 അംഗ കൈക്കാരൻമാരുടെ പാനൽ യോഗം ഐക്യകണ്ഠേന പാസ്സാക്കി.
(1) പല്ലൻ പൈലോത് രാജൻ, (2) ചിറയത്ത് പോൾ ജേക്കബ്, (3) കോട്ടപ്പറമ്പിൽ ജോൺ ബിജു, (4) പാലക്കൽ തോമസ് ജോജു, (5) മണ്ണൂക്കാടൻ ആന്റണി ജോഷി, (6) അക്കര ജോണി ജോൺസൻ, (7) വാഴപ്പിള്ളി പീറ്റർ ഫെല്ലർ, (8) കൂറ്റൂക്കാരൻ അന്തോണി ജോസ്
7. ഒക്ടോബർ ഒന്ന് മുതൽ ആരംഭിക്കുന്ന ജപമാലമാസാചരണത്തിൽ ഭവനങ്ങളിലും യൂണിറ്റുകളിലും ജപമാലയർപ്പിച്ചു ഭക്തിനിർഭരമായി ആചരിക്കണമെന്ന് വികാരിയച്ചൻ ഓർമിപ്പിച്ചു. ഒക്ടോബർ 19 മുതൽ 28 വരെ പള്ളിയിൽ ആഘോഷമായ ജപമാലയർപ്പണം ഉണ്ടാകുമെന്നും 29 ന് ഞായറാഴ്ച ജപമാല പ്രദക്ഷിണം ഉണ്ടാകുമെന്നും വികാരിയച്ചൻ അറിയിച്ചു.
8. പ്രതിനിധി യോഗത്തിൽ പങ്കെടുക്കുന്നവർ റിപ്പോർട്ട് പുസ്തകത്തിലും അറ്റൻഡൻസ് പുസ്തകത്തിലും ഒപ്പിടണമെന്നു വികാരിയച്ചൻ ഓർമിപ്പിച്ചു. മുൻകൂർ ലീവ് പറയാതെ അടുപ്പിച്ചു മൂന്ന് തവണ പ്രതിനിധിയോഗത്തിൽ മുടങ്ങിയാൽ അംഗത്വം നഷ്ടപ്പെടുമെന്ന് അച്ചൻ ഓർമിപ്പിച്ചു.
9. യോഗത്തിൽ കൈക്കാരൻ ശ്രീ. വർഗ്ഗീസ് വാകയിൽ നന്ദി പറഞ്ഞു.
10. പ്രാർത്ഥനയോടെ യോഗം അവസാനിച്ചു.

**ഡോ. ലിഖിൻ സൈമൺ തൈക്കാട്ടിൽ**
(പ്രതിനിധിയോഗം സെക്രട്ടറി)

സ്നേഹദൂത്

വചനവഴിയേ...

# ബൈബിൾ കലണ്ടർ

## 2023 ഒക്ടോബർ

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| **1**<br>മത്താ<br>15: 21–28<br>ഫിലി<br>4: 4–9 | **2**<br>മർക്കോ<br>8: 31–38<br>ഫിലി<br>1: 21–26 | **3**<br>മർക്കോ<br>9: 42–48<br>തീത്തോ<br>2: 11–14 | **4**<br>ലൂക്കാ<br>9: 1–6<br>2 തെസ<br>3: 6–12 | **5**<br>മത്താ<br>8: 1–4<br>2 തിമോ<br>3: 1–7 | **6**<br>ലൂക്കാ<br>11: 5–13<br>തിമോ<br>6: 6–10 | **7**<br>മത്താ<br>26: 6–13<br>2 തിമോ<br>4: 6–8 |
| **8**<br>മത്താ<br>18: 1–9<br>1 കോറി<br>14:26–33a | **9**<br>മർക്കോ<br>6: 18–29<br>2 തിമോ<br>2: 8–13 | **10**<br>മത്താ<br>5: 13–16<br>2 തിമോ<br>2: 21–26 | **11**<br>ലൂക്കാ<br>20: 20–26<br>ഹെബ്രാ<br>2: 1–4 | **12**<br>യോഹ<br>5: 39–47<br>2 യോഹ<br>4: 11 | **13**<br>ലൂക്കാ<br>21: 7–19<br>2 തിമോ<br>1: 1–7 | **14**<br>ലൂക്കാ<br>10: 17–21<br>2 തിമോ<br>1: 8–14 |
| **15**<br>മത്താ<br>20: 1–6<br>2 കോറി<br>2: 12–17 | **16**<br>ലൂക്കാ<br>10: 38–42<br>തീത്തോ<br>3: 1–7 | **17**<br>യോഹ<br>12: 20–26<br>ഹെബ്രാ<br>4: 1–11 | **18**<br>ലൂക്കാ<br>11: 24–26<br>1 കോറി<br>1: 24–31 | **19**<br>ലൂക്കാ<br>9: 28–36<br>ഹെബ്ര<br>10: 1–10 | **20**<br>ലൂക്കാ<br>20: 27–40<br>1 പത്രോ<br>3: 1–7 | **21**<br>യോഹ<br>4: 46–54<br>ഫിലി<br>2: 12–16 |
| **22**<br>ലൂക്കാ<br>8: 41–56<br>ഗല<br>5: 16–26 | **23**<br>മത്താ<br>18: 10–14<br>ഹെബ്രാ<br>10: 19–25 | **24**<br>ലൂക്കാ<br>4: 38–44<br>ഗലാ<br>6: 11–18 | **25**<br>ലൂക്കാ<br>11: 37–42<br>ഹെബ്രാ<br>11: 11–22 | **26**<br>മത്താ<br>25: 1–13<br>റോമ<br>14: 10–13 | **27**<br>ലൂക്കാ<br>16: 1–8<br>ഹെബ്രാ<br>5: 5–9 | **28**<br>ലൂക്കാ<br>9: 18–20<br>ഹെബ്രാ<br>12: 1–11 |
| **29**<br>മത്താ<br>8: 23–34<br>ഗലാ<br>6: 1–10 | **30**<br>മത്താ<br>24: 3–14<br>ഹെബ്രാ<br>2: 10–18 | **31**<br>യോഹ<br>11: 1–16<br>1 തെസ<br>4: 9–12 | | | | |

### പഴയനിയമ വായനകൾ

**1** നിയ 9: 13–24
**8** നിയ 10: 12–20
**15** നിയ 11: 1–9
**22** നിയ 11: 26–32
**29** നിയ 13: 12–18